# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുരോപ്പട ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: നം.കെ.എസ്.എ-കെ.ടി.എം.പി13/2098/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 26/12/2023
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുറോപ്പട ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കുറോപ്പട ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുറോപ്പട ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: നം.കെ.എസ്.എ-കെ.ടി.എം.പി13/2098/2023 തീയ്യതി: 26/12/2023

## കോട്ടയം ജില്ലയിലെ കുറോപ്പട ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ കുറോപ്പട ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-10-2022 മുതൽ 31-10-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-10-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 45 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 36 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 20-12-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ബീനാകുമാരി സി ആർ | ഡെപ്യൂട്ടി ഡയറക്ടർ | 14-12-2023 | 21-12-2023 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 14-12-2023 | 21-12-2023 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ സജി പി ആർ ,ഓഡിറ്റ് ഓഫീസർ (ഹ ഗ്രേ)

ശ്രീമതി സ്മിത ജി നായർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി ജ്യോതിലക്ഷ്മി ആർ,സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ ബിനീത് രാജൻ,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഷീലാ ചെറിയാൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| സോണിയാ പി മാത്യു | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| മോഹൻദാസ് ഒ. ജി. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-05-2022 |
| ജിനു വി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-06-2022 | 28-07-2022 |
| ദിവ്യ റോയ് എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 29-07-2022 | 13-09-2022 |
| ധന്യ കെ ബി | അസിസ്റ്റന്റ് എഞ്ചിനീയർ | 14-09-2022 | 31-03-2023 |
| ഡോ.ജേക്കബ് പി ജോർജ്ജ് | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ. ചാമിനി ചന്ദ്രൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 31-03-2023 |
| സുനിതാകുമാരി റ്റി. ജി | ഹെഡ്മിസ്ട്രസ്സ് | 01-04-2022 | 31-03-2023 |
| പ്രീതി സി | ഫിഷറീസ് ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.എച്ച് എൽ റൂബി | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2022 | 20-03-2023 |
| ഡോ.ബിന്ദു എസ് | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 21-03-2023 | 31-03-2023 |
| സോണി മാത്യു | വി ഇ ഓ ,കോത്തല | 01-04-2022 | 31-03-2023 |
| സോണി മാത്യു | വി ഇ ഓ ളാക്കാട്ടൂർ | 01-04-2022 | 23-08-2022 |
| രാജേഷ് റ്റി | വി ഇ ഓ ളാക്കാട്ടൂർ | 24-08-2022 | 10-10-2022 |
| സോണി മാത്യു | വി ഇ ഓ ളാക്കാട്ടൂർ | 11-10-2022 | 15-10-2022 |
| അലക്സ് ജോർജ്ജ് | വി ഇ ഓ ളാക്കാട്ടൂർ | 16-10-2022 | 31-03-2023 |
| റെയ്മെണ്ട് ഡി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-08-2022 |
| അഖിൽ ദേവ് എം | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-09-2022 | 31-03-2023 |
| നിഷ കെ. ബേബി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2022 | 07-01-2023 |
| രാജേശ്വരി ആർ | ഐ സി ഡി എസ് സൂപ്പർവൈസർ | 08-01-2023 | 14-01-2023 |
| അഞ്ജു തോമസ് | ഐ സി ഡി എസ് സൂപ്പർവൈസർ | 15-01-2023 | 31-03-2023 |
| സൂര്യമോൾ എസ് | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ വിനു പ്രസാദ് എൽ | മെഡിക്കൽ ഓഫീസർ എഫ് എച്ച് സി | 01-04-2022 | 27-04-2022 |
| ഡോ രേഷ്മ ഗോപിനാഥ് | മെഡിക്കൽ ഓഫീസർ എഫ് എച്ച് സി | 28-04-2022 | 02-01-2023 |
| ഡോ ജോർജ്ജീന സെബാസ്റ്റ്യൻ | മെഡിക്കൽ ഓഫീസർ എഫ് എച്ച് സി | 03-01-2023 | 31-03-2023 |
| ഫെൻ അലക്സ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 17-10-2022 |

| | | | |
|---|---|---|---|
| ഹേമ എസ് നായർ | അസിസ്റ്റന്റ് സെക്രട്ടറി(ഇൻ ചാർജ്ജ്) | 18-10-2022 | 25-10-2022 |
| സജി പി റ്റി | അസിസ്റ്റന്റ് സെക്രട്ടറി | 26-10-2022 | 31-03-2023 |

ജിന വി,അസിസ്റ്റന്റ് എഞ്ചിനീയർ അധിക ചുമതല

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് 2022-23 | 1-1 |
| 2 | ജനറൽ ഫണ്ട് വിശദാംശം സൂക്ഷിച്ചിട്ടില്ല | 1-1-1 |
| 3 | ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ വിശദാംശം ലഭ്യമല്ല | 1-1-2 |
| 4 | ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും കാലികമായിട്ടില്ല | 1-1-3 |
| 5 | തൻവർഷം സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വിവരം-കൃത്യമായ ഡേറ്റ ലഭ്യമായില്ല | 1-1-4 |
| 6 | Capital Work In Progress ന്റെ ആധികാരികത വ്യക്തമല്ല | 1-1-5 |
| 7 | കാലിബാരലുകളുടെ വില തെറ്റായ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തു. | 1-1-6 |
| 8 | Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-1-7 |
| 9 | Prior Period Expenses/Income ന്റ ആധികാരികത വ്യക്തമാക്കിയിട്ടില്ല | 1-1-8 |
| 10 | ജനപ്രതിനിധികളുടെ മാർച്ച്-2023 ഹോണറേറിയം പേയബിൾ ആയി ക്രമീകരിച്ചില്ല | 1-1-9 |
| 11 | മുൻകൂർ നൽകിയ തുകകളുടെ വിശദാംശത്തിൽ അവ്യക്തത,ഉൾപ്പെടുത്തലുകൾ പൂർണ്ണമല്ല. | 1-1-10 |
| 12 | ചെലവുകൾ കൃത്യമായ ശീർഷകത്തിൽ അക്രുവൽ ചെയ്യുന്നില്ല | 1-1-11 |
| 13 | തൊഴിൽ നികുതി ഡിമാന്റ് കൃത്യമായി നിർണ്ണയിച്ചില്ല-ഡിമാന്റ് എൻട്രിയിൽ അപാകത,ഡിസിബി കണക്കുകൾ കൃത്യമല്ല. | 1-1-12 |
| 14 | ദുരിതാശ്വാസനിധി - നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല. | 1-1-13 |
| 15 | ഡെപോസിറ്റ് രജിസ്റ്റർ വിശദാംശങ്ങൾ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല. | 1-1-14 |
| 16 | ബജറ്റ്-വിശകലനം | 1-2 |
| 17 | സാമ്പത്തിക വിശകലനം | 1-3 |
| 18 | ഗ്രാന്റ് വിനിയോഗം | 1-4 |
| 19 | വാർഷികപദ്ധതി | 1-5 |
| 20 | മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 21 | സാമൂഹ്യസുരക്ഷ പദ്ധതികൾ | 1-7 |
| 22 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 23 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 24 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 25 | മാനുവൽ രസീത് ബുക്കുകളുടെ സ്റ്റോക്ക്,വിതരണ രേഖപ്പെടുത്തലുകളിൽ അപാകത | 1-11 |
| 26 | ഓൺലൈൻ പേമെന്റ് - തുക ക്രെഡിറ്റാകുന്നതിൽ കാലതാമസം | 1-12 |
| 27 | വസ്തുനികുതി പരിഷ്കരണം | 1-13 |
| 28 | വസ്തുനികുതി നിർണ്ണയം -റോഡിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധന കണക്കിലെടുത്തില്ല. | 1-14 |
| 29 | വസ്തുനികുതി നിർണ്ണയം - ഉപയോഗക്രമത്തിന്റെ കൃത്യത ഉറപ്പാക്കിയിട്ടില്ല. | 1-15 |
| 30 | തൊഴിൽനികുതി / സ്ഥാപന തൊഴിൽനികുതി ഈടാക്കിയില്ല. | 1-16 |
| 31 | വാടകനിക്ഷേപം വാടകയ്ക്ക് ആനുപാതികമായി ഈടാക്കിയിട്ടില്ല. | 1-17 |
| 32 | പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിൽ നിന്നും വാടക ഈടാക്കുന്നില്ല-21.5 ലക്ഷം രൂപ വരുമാന നഷ്ടം | 1-18 |
| 33 | നിയമാനുസൃത ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. | 1-19 |
| 34 | Sale Of Timber - വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. | 1-20 |
| 35 | അധിക വിഭവ സമാഹരണം | 1-21 |
| 36 | പ്രോജക്ട് നിലവിലുള്ളപ്പോൾ തനത് ഫണ്ടിൽ നിന്നും കരാറുകാരന് തുക നൽകി | 1-22 |
| 37 | തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിച്ചിട്ടില്ല - വൈദ്യുതി ചാർജ്ജ് തനത് ഫണ്ടിന് ബാധ്യത. | 1-23 |

| | | |
|---|---|---|
| 38 | പൊതു ടാപ്പുകളുടെ വെള്ളക്കരം - സംയുക്തപരിശോധന നടത്തിയിട്ടില്ല. | 1-24 |
| 39 | ഗ്രാമലക്ഷ്മി മുദ്രാലയത്തിന് നൽകിയ 85855 രൂപ – ചെലവിന്റെ കൃത്യത വ്യക്തമല്ല. | 1-25 |
| 40 | മുൻകുറുകൾ ക്രമീകരിക്കാനവശേഷിക്കുന്നു. | 1-26 |
| 41 | പഞ്ചായത്ത് ഹെല്പ് ഡെസ്ക് - പ്രോജക്ട് വിഭാവനം ചെയ്തതിൽ നിന്നും വിഭിന്നമായി നടപ്പിലാക്കി. | 1-27 |
| 42 | സ്ട്രീറ്റ് ലൈൻ വലിക്കൽ - വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്. | 1-28 |
| 43 | കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ജീവനക്കാരുടെ സേവന രേഖകൾ പരിപാലിക്കുന്നില്ല. | 1-29 |
| 44 | തെരുവുവിളക്കുകളുടെ പരിപാലനം - ചെലവു വിശദാംശങ്ങൾ ലഭ്യമാക്കിയില്ല | 1-30 |
| 45 | വിവിധ വാർഡുകളിൽ മിനിമാസ്റ്റ് സ്ഥാപിക്കൽ– ഇൻസ്റ്റലേഷൻ വിവരം ലഭ്യമല്ല | 1-31 |
| 46 | മെൻസ്ട്രൽ കപ്പ് വിതരണം - പൂർണ്ണമായും വിതരണം ചെയ്തിട്ടില്ല | 1-32 |
| 47 | ഗുണഭോക്താക്കളെ ഗ്രാമസഭ തെരെഞ്ഞെടുക്കുന്നില്ല | 1-33 |
| 48 | നിക്ഷേപപ്രവൃത്തികൾ– പൂർത്തീകരണവിവരം ഇല്ല | 1-34 |
| 49 | ഐ കെ എം വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-35 |
| 50 | ടാർവീപ്പകളുടെ വില – നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് അടവാക്കിയിട്ടില്ല | 1-36 |
| 51 | നടേപീടിക ജംഗ്ഷനിൽ ഉള്ള വെയിറ്റിങ്ങ് ഷെഡ് പുനരുദ്ധാരണം- അപാകതകൾ | 1-37 |
| 52 | അധിക ഇനങ്ങൾക്ക് പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയില്ല | 1-38 |
| 53 | സാങ്കേതികാനുമതി ലഭിക്കാത്ത പ്രോജക്ടുകൾ നടപ്പാക്കി | 1-39 |
| 54 | ആസ്തിരജിസ്റ്റർ ഡിജിറ്റൈസേഷൻ– പൂർത്തീകരണവിവരങ്ങൾ ലഭ്യമല്ല | 1-40 |
| 55 | ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങൾ - പദ്ധതി നടപ്പിലാക്കിയില്ല | 1-41 |
| 56 | കോക്ലിയർ ഇംപ്ലാന്റേഷൻ - വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്. | 1-42 |
| 57 | കന്നുകുട്ടി പരിപാലന പദ്ധതി- അപാകതകൾ | 1-43 |
| 58 | ലൈഫ് ഭവന നിർമ്മാണം പൂർത്തിയാക്കാനുള്ളത്. | 1-44 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | പ്രോജക്ട് നിലവില്ലുള്ളപ്പോൾ തനത് ഫണ്ടിൽ നിന്നും കരാറുകാരന് തുക നൽകി | 3-1 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശങ്ങൾ | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ ഈടാക്കിയ തുകയുടെ വിവരം. | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ് 2022-23

1. കുരോപ്പട ഗ്രാമപഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2023 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 13/07/2023 തീയതിയിലെ 1/1 നം. തീരുമാനം പ്രകാരം അംഗീകരിച്ച് 15/07/2023 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക പ്രസ്താവനകളും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214(4) പ്രകാരവും ത്രിതല പഞ്ചായത്തുകൾക്ക് ബാധകമായ 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3, കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ച് ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്കും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്യുകയും നടപ്പിലാക്കേണ്ടതുമുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

**അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കുരോപട ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേയ്ക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.**

### 1-1-1 ജനറൽ ഫണ്ട് വിശദാംശം സൂക്ഷിച്ചിട്ടില്ല

31/03/2023 തീയതിയിലെ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത അനുബന്ധരേഖകളുടെ അഭാവത്തിൽ വ്യക്തമല്ല. 01/04/2011 ൽ പഞ്ചായത്ത് ജനറൽ ഫണ്ട് (കണക്ക് ശീർഷകം-310100101) നിർണ്ണയിച്ചപ്പോഴുള്ള ആധികാരിക ആസ്തി-ബാധ്യത രേഖകൾ(OBRP Data) സൂക്ഷിച്ചിട്ടില്ല.

### 1-1-2 ക്യാപിറ്റൽ കോൺട്രിബ്യൂഷൻ വിശദാംശം ലഭ്യമല്ല

ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയുടെ മുന്നിരിപ്പ് വിശദാംശം വ്യക്തമാക്കുന്ന അടിസ്ഥാന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. 2022-23 വർഷം വിവിധ ഫണ്ട് തിരിച്ച് അക്കൗണ്ട് ചെയ്യപ്പെട്ട ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ പ്രസ്തുത ഫണ്ടുകൾ ചെലവഴിച്ച ആസ്തികൾക്ക് തുല്യമായ തുകയാണോ എന്നതിൽ വ്യക്തതയില്ല. വിവിധ ഗ്രാന്റുകളുടെ ചെലവ് ആസ്തി-റവന്യൂ തിരിച്ച് രേഖപ്പെടുത്തിയ വിശദമായ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ രജിസ്റ്റർ/വിശദാംശം പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

### 1-1-3 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും കാലികമായിട്ടില്ല

26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിന്റെ ആസ്തികളുടെ മൂല്യം വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് ആധികാരികവും കാലികവുമായ അനുബന്ധ രേഖകൾ ഇല്ലാത്തതിനാൽ വ്യക്തമല്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസും പഞ്ചായത്തിൽ നിലവിലില്ല എന്നതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല.

### 1-1-4 തൻവർഷം സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വിവരം-കൃത്യമായ ഡേറ്റ ലഭ്യമായില്ല

2022-23 വർഷം ആസ്തികൾ സൃഷ്ടിക്കുന്ന പ്രോജക്ട് ചെലവ് എല്ലാം സുസ്ഥിര ആസ്തി ശീർഷകത്തിൽ അക്കൗണ്ട് ചെയ്യപ്പെട്ടോ എന്ന് വ്യക്തമാക്കുന്ന ആധികാരികമായ ഓരോ ഫണ്ടുകളുടെയും /ഗ്രാന്റുകളുടെയും ക്യാപ്പിറ്റൽ-റവന്യൂ വേർതിരിച്ച് ചെലവ് വിവരം സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങളുടെ അഭാവത്തിൽ സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ മൂല്യം 31/03/2023 ബാലൻസ് ഉൾപ്പെട്ടോ എന്നതിന് വ്യക്തതയില്ല.

### 1-1-5 Capital Work In Progress ന്റെ ആധികാരികത വ്യക്തമല്ല

Capital Work In Progress ആയി അക്കൗണ്ട് ചെയ്യപ്പെടുന്നതും ക്രമീകരിക്കപ്പെടുന്നതുമായ പാർട്ട് ബില്ലുകളുടെ വിശദാംശവും ആധികാരികതയും ബന്ധപ്പെട്ട രേഖകളുടെ അഭാവത്തിൽ വ്യക്തമല്ല. തൻവർഷ പാർട്ട് ബില്ലുകൾ എല്ലാം Capital Work In Progress ആയി അക്കൗണ്ട് ചെയ്യപ്പെട്ടോ എന്നും ഫൈനൽ ബിൽ നൽകുമ്പോൾ മുൻപ് നൽകിയ പാർട്ട് ബില്ലുകൾ ക്രമീകരിക്കപ്പെട്ടോ എന്നും വ്യക്തതയില്ല.

### 1-1-6 കാലിബാരലുകളുടെ വില തെറ്റായ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തു.

കാലിബാരലുകളുടെ വിലയായി ലഭിച്ച 13656 രൂപ Receipts From Sale Of Other Products (150100199) എന്ന ശീർഷകത്തിൽ അക്കൗണ്ട് ചെയ്തു. Receipts From Sale Of Scrap/Empties And Waste Materials (150120102) എന്ന ശീർഷകത്തിൽ ആയിരുന്നു അക്കൗണ്ട് ചെയ്യേണ്ടിയിരുന്നത്.

### 1-1-7 Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. Government/Other ഡ്യൂസ് രജിസ്റ്റർ രജിസ്റ്റർ സൂക്ഷിച്ച് വിവിധ ഏജൻസികളിലേക്കുള്ള തുക ഒടുക്കലുകൾ കൃത്യമായി നിരീക്ഷിക്കേണ്ടതാണ്.

### 1-1-8 Prior Period Expenses/Income ന്റ ആധികാരികത വ്യക്തമാക്കിയിട്ടില്ല

മുൻവർഷ വരവായി ക്രമീകരിക്കപ്പെട്ട 3,140,198/- രൂപയുടെ ആധികാരിത സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല. ക്രമീകരണ ഇടപാടുകൾ കൃത്യമായ വിവരണം രേഖപ്പെടുത്താതെയാണ് നടത്തിയിട്ടുള്ളത്.

**1-1-9 ജനപ്രതിനിധികളുടെ മാർച്ച്-2023 ഹോണറേറിയം പേയബിൾ ആയി ക്രമീകരിച്ചില്ല**

ജനപ്രതിനിധികളുടെ മാർച്ച്-2023 ലെ ഹോണറേറിയവും അലവൻസും തൻവർഷം Payable ആയി അക്കൗണ്ട് ചെയ്തില്ല. 2011-ലെ കേരള പഞ്ചായത്ത് രാജ്(അക്കൌണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-27 പ്രകാരം സാമ്പത്തിക വർഷ കാലയളവിലെ ചെലവുകൾ എല്ലാം വർഷാവസാനം അക്രുവൽ എൻട്രിയിലൂടെ Payable ആയി ക്രമീകരിക്കേണ്ടതായിരുന്നു.

**1-1-10 മുൻകൂർ നൽകിയ തുകകളുടെ വിശദാംശത്തിൽ അവ്യക്തത,ഉൾപ്പെടുത്തലുകൾ പൂർണ്ണമല്ല.**

വാർഷിക കണക്കുകളിൽ വിവിധ ഏജൻസികളിലെ നിക്ഷേപത്തിന്റെ വിവരവും മുൻകൂർ വിവരവും വ്യക്തമാക്കേണ്ട അടിസ്ഥാന രജിസ്റ്ററായ Advance Register-ൽ മുന്നിരിപ്പ് വിശദാംശം എല്ലാം ക്യാരി ഓവർ ചെയ്തിട്ടില്ല.വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള മുൻകൂറുകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഡെപോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകകൾ ഫണ്ടിനം, വാർഡ്, പ്രോജക്ട് വിശദാംശം എന്നിവയെല്ലാം മുന്നിരിപ്പിൽ ചേർത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി Advance Register സൂക്ഷിക്കേണ്ടതായിരുന്നു.പങ്ങട എൽ പി സ്കൂളിൽ കുഴൽക്കിണർ (224/23) എന്ന പ്രോജക്ട് പ്രകാരം ഭൂജലവകുപ്പിൽ തൻവർഷം നിക്ഷേപം നടത്തിയ 56174 രൂപ ബി 18 ഷെഡ്യൂളിൽ മുൻകൂറായി ഉൾപ്പെടുത്തിയിട്ടില്ല.

**1-1-11 ചെലവുകൾ കൃത്യമായ ശീർഷകത്തിൽ അക്രുവൽ ചെയ്യുന്നില്ല**

ILGMS സോഫ്റ്റ്‌വെയർ ആരംഭിച്ചതിനു ശേഷം പഞ്ചായത്ത് ഫണ്ടിൽ നിന്ന് നേരിട്ട് നടത്തുന്ന ചെലവുകൾ(ബാങ്ക് അക്കൗണ്ടിൽ നിന്നുള്ള പിൻവലിക്കലുകൾ) അക്രുവൽ ആയിട്ടാണ് അക്കൗണ്ട് ചെയ്യുന്നത്. 2022-23 വർഷത്തെ കണ്ടിജന്റ് ചെലവുകൾ എല്ലാം 350109999-Amount Payable To Other Creditors എന്ന ശീർഷകത്തിലേക്ക് അക്രുവലായി അക്കൗണ്ട് ചെയ്ത ശേഷമാണ് ചെലവ് ചെയ്തിരിക്കുന്നത്. തൻവർഷം 1.65 കോടിയോളം രൂപ ടി ശീർഷകത്തിലേക്ക് അക്രുവൽ ചെയ്യുകയും മുഴുവൻ തുകയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ചെലവുകൾ ഇനം തിരിച്ച് തന്നെ ബാധ്യത ശീർഷകങ്ങൾ ലഭ്യമായിരുന്നിട്ടും മേൽപറഞ്ഞ ഒരു ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തത്.

**1-1-12 തൊഴിൽ നികുതി ഡിമാന്റ് കൃത്യമായി നിർണ്ണയിച്ചില്ല-ഡിമാന്റ് എൻട്രിയിൽ അപാകത,ഡിസിബി കണക്കുകൾ കൃത്യമല്ല.**

അക്രുവൽ വരവായ തൊഴിൽ നികുതി(സ്ഥാപനം/ട്രേഡർ/പ്രൊഫഷണൽ) എന്നിവയുടെ ഡിമാന്റ് നിർണ്ണയിച്ച് ബന്ധപ്പെട്ട രജിസ്റ്ററിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. കൃത്യമായ ഡിമാന്റ് ഡേറ്റാബേസ് ഇല്ലാതെയാണ് പ്രസ്തുത ഡിമാന്റുകൾ അക്കൗണ്ട് ചെയ്തത്. തൊഴിൽ നികുതി രജിസ്റ്റർ പ്രകാരമുള്ള ഡിസിബി കണക്കുകൾ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.തൊഴിൽ നികുതി(ട്രേഡർ) വാർഷിക ധനകാര്യപത്രിക പ്രകാരം കുടിശ്ശിക 31500 രൂപയും രജിസ്റ്റർ പ്രകാരം 3750 രൂപയുമാണ്.

**1-1-13 ദുരിതാശ്വാസനിധി - നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല.**

RP 40(b) പ്രകാരം ഗ്രാമപഞ്ചായത്ത് ദുരിതാശ്വാസനിധി ബാങ്ക് അക്കൗണ്ടിലെ (67194431017 - എസ് ബി ഐ കുരോപ്പട ശാഖ) 31/03/2023 ലെ നീക്കിയിരിപ്പ് 3440 രൂപയാണ്.ബാലൻസ് ഷീറ്റ് 311100101 ശീർഷകം പ്രകാരം 8440 രൂപ നീക്കിയിരിപ്പുള്ളതായി കാണുന്നു.വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല.

**1-1-14 ഡെപോസിറ്റ് രജിസ്റ്റർ വിശദാംശങ്ങൾ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.**

Suppliers EMD - 340100102,Election Deposit - 340100303 എന്നിവയുടെ ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

**1-2 ബജറ്റ്-വിശകലനം**

2022-23 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 26/03/2022 ലെ 1-ാം നം. തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 21/03/2023 ലെ 1-ാം നം. തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 9526406/- | 9526406/- |
| വരവ് | 117808290/- | 116008290/- |
| ആകെ | 127334696/- | 125534696/- |
| ചെലവ് | 122854000/- | 122854000/- |
| നീക്കിയിരിപ്പ് | 4480696/- | 2680696/- |

പുതുക്കിയ ബജറ്റ് പ്രകാരം 12.55 കോടി രൂപ വരവും 12.28 കോടി രൂപ ചെലവുമാണ് പ്രതീക്ഷിച്ചത്. 2022-23 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 12.60 കോടി രൂപയും ചെലവ് 12.34 കോടി രൂപയുമാണുള്ളത്.

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത ചെലവുകൾ മേഖലാടിസ്ഥാനത്തിൽ നിശ്ചയിക്കുന്നത് മാത്രമാണ് ചെയ്യുന്നത്. വിവിധ സ്റ്റാന്റിങ്ങ് കമ്മിറ്റികളുടെയും പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെയും ബജറ്റ് ശുപാർശകൾ പരിഗണിച്ച് മേഖലാടിസ്ഥാനത്തിലുള്ള വിഹിതം വിഭജിച്ച് വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് കൃത്യമായ വിഹിതം ക്യാപ്പിറ്റൽ-റവന്യൂ തിരിച്ച് നിശ്ചയിച്ചിട്ടില്ല. ബജറ്റ് തയ്യാറാക്കുമ്പോൾ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ഇപ്രകാരമുള്ള ഉപ-ശീർഷകങ്ങളായി(Sub-Head) അലോട്ട്മെന്റുകൾ കൂടി കണക്കാക്കി ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

കുരോപ്പട ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ റസീറ്റ് & പേമെന്റ് ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പത്രികയിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെയ്ത ശേഷം വരവ്, ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവ ചുവടെ ചേർക്കുന്നു.

**റസീറ്റ് & പേമെന്റ് പത്രിക 2022-23**

| | |
|---|---|
| മുന്നിരിപ്പ് (01/04/2022) | 25,141,879/- |
| ഓഡിറ്റ് വർഷത്തെ വരവ്(Receipt) | 34809140/- |
| ആകെ | 59,951,019/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ്(Payment) | 29,566,923/- |
| നീക്കിയിരിപ്പ് (31/03/2023) | 30,384,096/- |

**ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് 2022-23**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരുമാനം(Income) | 126,087,428/- |
| ഓഡിറ്റ് വർഷത്തെ ചെലവ്(Expenditure) | 123,417,217/- |
| പ്രവർത്തന നഷ്ടം (Gross Deficit) | 2,670,211/- |
| ആകെ മുൻകാല അക്കൗണ്ടിങ്ങ് ക്രമീകരണം | 3,140,198/- |
| അറ്റ പ്രവർത്തന ലാഭം | 5,810,409/- |

**2022-23 ഓഡിറ്റ് സംക്ഷിപ്തം**

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം(ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക(സർച്ചാർജ് ചെയ്യാവുന്നത്) | 9500/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2859552/- |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | ബജറ്റ് വിഹിതം | ആകെ | ചെലവ് | സഞ്ചിതനിധിയിലേക്ക് തിരികെ/നീക്കിയിരിപ്പ് ഈടാക്കിയത് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 17696000 | 17696000 | 16573895 | 1122105 | 93.65 |
| വികസനഫണ്ട് എസ്.സി.പി. | 0 | 2718000 | 2718000 | 2716292 | 1708 | 99.93 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 114000 | 114000 | 113798 | 202 | 99.82 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 10558000 | 10558000 | 4649090 | 5908910 | 44.03 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 5723000 | 5723000 | 4228207 | 1494793 | 73.88 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് ( Untied ) | 69239 | 4651255 | 4720494 | 3676007 | 1044487 | 77.87 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് ( Tied ) | 2547948 | 8148952 | 10696900 | 817040 | 9879860 | 7.63 |
| എം. ജി. എൻ. ആർ. ഇ. ജി. എസ് | 10763 | 15853153 | 15863916 | 15351087 | 512829 | 96.76 |
| ഐ.സി.ഡി. എസ്. കേന്ദ്രവിഹിതം | 44946 | 1033191 | 1078137 | 705140 | 372997 | 65.40 |
| ശുചിത്വമിഷൻ ഗ്രാന്റ് | 632218 | 0 | 632218 | 455000 | 177218 | 71.96 |
| സ്വച്ഛഭാരത് അഭിയാൻ | 68 | 83932 | 84000 | 84000 | 0 | 100 |
| ഹെൽത്ത് ഗ്രാന്റ് | 0 | 459201 | 459201 | 0 | 459201 | 0 |

വികസനഫണ്ടിന്റെ പൊതുവിഭാഗം, എസ്.സി.പി. ടി.എസ്.പി. വിഹിതങ്ങളിൽ നിന്ന് യഥാക്രമം 2508791/-രൂപ, 380944/-രൂപ 55799/-രൂപ വീതം കുറവ് ചെയ്തതിനുശേഷമാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചത്. കുറവ് ചെയ്ത തുകകൾ ജി.ഒ. പ്രോജക്ടുകളായി സുലേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ ടി തുകകൾ ഉൾപ്പെടെയാണ് സുലേഖ സോഫ്റ്റ്‌വെയറിൽ ചേർത്തിട്ടുള്ളത്. എന്നാൽ സ്ഥാപനത്തിൽ ടി തുകകൾ പണമായി ലഭിക്കാതിരുന്നതിനാൽ വാർഷികകണക്കുകളുടെ ഭാഗമായ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റിലും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലും ടി തുകകൾ ഉൾപ്പെട്ടിട്ടില്ല. ഗ്രാന്റ് വിനിയോഗപത്രികയുടെ വരവ് ഭാഗത്ത് ടി വരവുകൾ ഉൾപ്പെട്ടിട്ടില്ല. ടി അപാകത നിലനിൽക്കെയാണ് അനുബന്ധം 2 ആയിട്ടുള്ള സാക്ഷ്യപത്രം ഉൾപ്പെടുത്തിയിട്ടുള്ളത്.

## 1-5 വാർഷികപദ്ധതി

ഗ്രാമപഞ്ചായത്തിന്റെ 14-ാം പഞ്ചവത്സരപദ്ധതിയിലെ (2022-27) ആദ്യ വാർഷികപദ്ധതിയ്ക്ക് (2022-23) 27-02-2023ൽ ചേർന്ന ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 1(2)-ാം നമ്പർ തീരുമാനപ്രകാരം അന്തിമ അംഗീകാരം ലഭിച്ചിട്ടുണ്ട്. ജില്ലാ ആസൂത്രണസമിതിയുടെ 06-03-2023ലെ 82898/22/DPC/DPO/KTM നമ്പർ ഉത്തരവു പ്രകാരം ഭേദഗതി നിർദ്ദേശങ്ങളോടെ വാർഷികപദ്ധതിയ്ക്ക് അന്തിമ അംഗീകാരം ലഭിച്ചു. വാർഷികപദ്ധതിയിൽ 75 സ്പിൽഓവർ പ്രോജക്ടുകളും 166 പുതിയ പ്രോജക്ടുകളും ഉൾപ്പെടെ ആകെ 241പ്രോജക്ടുകൾക്കാണ് അംഗീകാരം ലഭിച്ചത്. വാർഷികപദ്ധതിയുടെ ആകെ അടങ്കൽ 142081413/-

രൂപയാണ്. വാർഷികപദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട പ്രാരംഭനടപടികളായ ആസൂത്രണസമിതി രൂപീകരണം, വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണം, സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കൽ, വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയിൽ വികസനരേഖ തയ്യാറാക്കൽ, വികസനസെമിനാർ എന്നിവ നിശ്ചിതസമയപരിധിയ്ക്കുള്ളിൽ പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതി രൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആസൂത്രണസമിതി യോഗം | 31-12-2021 |
| വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നത് | 21-05-2022 |
| ഗ്രാമസഭ | 19-05-2022 മുതൽ 31-07-22 |
| വികസനസെമിനാർ | 07-06-2022 |
| പദ്ധതി അന്തിമമാക്കൽ-ജനറൽ കമ്മറ്റി അംഗീകാരം | 23-02-2023 |

**പദ്ധതിനിർവ്വഹണം**

അംഗീകാരം ലഭിച്ച 241 പ്രോജക്ടുകളിൽ 132 എണ്ണം തൻവർഷം നടപ്പാക്കിയിട്ടുണ്ട്. വിവിധ സ്രോതസ്സുകളിൽ നിന്നായി വാർഷികപദ്ധതിയുടെ ആകെ ചെലവ് 44327367/- രൂപയാണ്. ചെലവ് 31.2 % മാത്രം. സംസ്ഥാനാവിഷ്കൃത ഫണ്ട് 1.14 കോടിയിലധികം വകയിരുത്തി വിളഇ പ്രോജക്റ്റ് തയ്യാറാക്കിയിരുന്നുവെങ്കിലും 260000രൂപയാണ് തൻവർഷം ചെലവഴിച്ചത്. ജില്ലാപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി യഥാക്രമം 1.11കോടിയും 1.67 കോടി രൂപയും വീതം വകയിരുത്തി പ്രൊജക്റ്റുകൾ തയ്യാറാക്കിയിരുന്നുവെങ്കിലും അത്രയും തുകകൾ ടി സ്ഥാപനങ്ങളിൽ നിന്നും ലഭ്യമായിരുന്നില്ല. ലൈഫ് പദ്ധതിയ്ക്ക് വായ്പ തുക വകയിരുത്തിയിരുന്നത് 2.06കോടി രൂപയായിരുന്നു. എന്നാൽ തൻവർഷം വായ്പ എടുത്തിരുന്നില്ല. അടങ്കൽ തുക പെരുപ്പിച്ച് കാണിച്ച് പ്രൊജക്റ്റുകൾ തയ്യാറാക്കുന്നത് ശരിയായ പ്രവണതയല്ല.

**വാർഷികപദ്ധതി വിലയിരുത്തൽ**

വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ കോത്തല 20% , സെക്രട്ടറി 37% ,അസിസ്റ്റന്റ് എഞ്ചിനീയർ 27%, തുകകൾ മാത്രമേ ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ. സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസിന്റെ ചെലവ് 3% മാത്രമാണ്.

റോഡ് റോഡിതരമെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ച് ആവിഷ്കരിച്ച വിവിധ പ്രൊജക്റ്റുകൾക്ക് തൻവർഷം തുക ചെലവഴിക്കാൻ സാധിച്ചിരുന്നില്ല. ചെലവ് ശതമാനത്തിൽ വന്ന കുറവ് ഭരണസമിതിയുടെയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും സമഗ്രവിചിന്തനത്തിന് വിധേയമാക്കേണ്ടതാണ്.

**നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവുവിവരങ്ങൾ**

പദ്ധതി നിർവ്വഹണചുമതല 14 നിർവ്വഹണോദ്യോഗസ്ഥർക്കായി വിഭജിച്ചുനൽകിയിരുന്നു. നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവുവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം കിട്ടിയവ | നടപ്പാക്കിയവ | വകയിരുത്തിയ തുക | ചെലവ് തുക | ചെലവ് % |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 6 | 6 | 1016650 | 889521 | 87.5 |
| 2 | വെറ്ററിനറി സർജൻ | 6 | 6 | 2847120 | 1997120 | 70.15 |
| 3 | മെഡിക്കൽ ഓഫീസർ (PHC) | 11 | 7 | 2403000 | 1583342 | 65.89 |
| 4 | മെഡിക്കൽ | 2 | 2 | 440000 | 434024 | 98.64 |

| | | | | | | |
|---|---|---|---|---|---|---|
| | ഓഫീസർ(ഹോമിയോ) | | | | | |
| 5 | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 4 | 3 | 3290000 | 1259669 | 32.29 |
| 6 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ളാക്കാട്ടൂർ | 6 | 6 | 3656430 | 2682890 | 73.38 |
| 7 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ കോത്തല | 16 | 12 | 64219079 | 13495960 | 20.02 |
| 8 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 7 | 5 | 5914500 | 3494514 | 59.08 |
| 9 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 1 | 928977 | 31200 | 3.36 |
| 10 | സെക്രട്ടറി ഗ്രാമപഞ്ചായത്ത് | 40 | 24 | 12580067 | 4668308 | 37.11 |
| 11 | അസിസ്റ്റന്റ് എൻജിനീയർ(LI & EW) | 127 | 47 | 41086450 | 11108005 | 27.04 |
| 12 | ഹെഡ്മാസ്റ്റർ ഗവ.എൽ പി എസ് കോത്തല | 7 | 6 | 863150 | 761257 | 88.2 |
| 13 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 1603990 | 1187757 | 74.05 |
| 14 | അസിസ്റ്റന്റ് സെക്രട്ടറി | 7 | 6 | 1232000 | 733800 | 59.56 |
| | **ആകെ** | 241 | 132 | 142081413 | **44327367** | 31.2 |

**സഞ്ചിതനിധിയിലേയ്ക്ക് 85 ലക്ഷത്തിലധികം രൂപ തിരികെ എടുക്കപ്പെട്ടു**

പ്രോജക്ടുകൾ നടപ്പാക്കാത്തതിനാലും ട്രഷറി നിയന്ത്രണങ്ങളാൽ സമയബന്ധിതമായി ബില്ലുകൾ മാറാൻ ഗ്രാമപഞ്ചായത്തിന് സാധിക്കാതിരുന്നതിനാലും ചുവടെ ചേർക്കും പ്രകാരമുള്ള ഫണ്ടിനങ്ങൾ വർഷാവസാനം സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ലാപ്സായ തുക |
|---|---|
| വികസന ഫണ്ട്-ജനറൽ | 1122105 |
| വികസന ഫണ്ട്-SCSP | 1708 |
| വികസന ഫണ്ട്-TSP | 202 |
| മെയിന്റനൻസ്ഗ്രാന്റ്-Road | 5908910 |
| മെയിന്റനൻസ്ഗ്രാന്റ്-Non Road | 1494793 |
| ആകെ | 8527718 |

**മോണിറ്ററിംഗ്**

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് പ്രോജക്ടുകളോടൊപ്പം സൂക്ഷിച്ചിട്ടില്ല.

**1-6 മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി**

ഗ്രാമപഞ്ചായത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2022-23 വർഷം 2906 പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ 17 വാർഡിലെയും

ലേബർ ഗ്രാമസഭ ചേർന്ന് ലേബർ ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഓഡിറ്റ് വർഷത്തെ ലേബർ ബജറ്റ് പ്രകാരം 100 പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. 100 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചതിൽ 63 പ്രവൃത്തികൾ പൂർത്തീകരിക്കാനായിട്ടുണ്ട്. ആകെ ചെലവ് 153.51 ലക്ഷം രൂപ. 37472 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 246 തൊഴിലാളികൾ 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. പഞ്ചായത്തിൽ ആകെയുള്ള 195 അയൽക്കൂട്ടങ്ങളിൽ 168 എണ്ണം പദ്ധതിയുമായി സഹകരിച്ചിട്ടുണ്ട്. 555 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി മഴക്കുഴി നിർമ്മാണം, കാർഷികകുളം നിർമ്മാണം, തോടുകളുടെ നവീകരണം, വൃക്ഷത്തൈ നടീൽ തുടങ്ങിയ പ്രവൃത്തികളും തൊഴുത്ത് നിർമ്മാണം, ആട്ടിൻകൂട് നിർമ്മാണം തുടങ്ങിയ ആസ്തിനിർമ്മാണ പ്രോജക്ടുകളുമാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്. കാഷ് ബുക്ക് പ്രകാരമുള്ള 2022-23വർഷത്തെ വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| കാഷ് | 10763 | 502066 | 512829 | 0 | 512829 |
| ഇ.എഫ്.എം.എസ് | 0 | 15351087 | 15351087 | 15351087 | 0 |
| ആകെ | 10763 | 15853153 | 15863916 | 15351087 | 512829 |

## 1-7 സാമൂഹ്യസുരക്ഷ പദ്ധതികൾ

ഓഡിറ്റ് വർഷം, വിവിധ ക്ഷേമപദ്ധതികൾക്കായി ഗ്രാമപഞ്ചായത്ത് ചെലവഴിച്ച തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 10,800/- | 15 |
| വാർദ്ധക്യകാല പെൻഷൻ | 32,905,700/- | 2784 |
| കർഷക തൊഴിലാളി പെൻഷൻ | 2,594,600/- | 191 |
| വിധവ പെൻഷൻ | 9,430,100/- | 722 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ | 515,600/- | 47 |
| വികലാംഗ പെൻഷൻ | 3,136,400/- | 250 |
| വിധവകളുടെപെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 90,000/- | 3 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.12.2023 തീയതിയിൽ 3.45 പി എം-ന് ഹെഡ് ക്ലർക്കിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 14633/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമ പഞ്ചായത്തിൽ ഏർപ്പെടുത്തിയിട്ടുള്ള ആഭ്യന്തരനിയന്ത്രണസംവിധാനം തൃപ്തികരമാണ്. ഓഡിറ്റ് വർഷം ILGMS സോഫ്റ്റ് വെയർ വഴിയാണ് സാമ്പത്തിക വിനിമയങ്ങൾ നടത്തിയിട്ടുള്ളത്. ഡേ ബുക്ക്, കാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ ദൈനംദിനം പ്രിന്റ് എടുത്ത് സൂക്ഷിക്കുന്നുണ്ട്. പ്രതിമാസ നീക്കിയിരിപ്പുകളുടെ പൊരുത്തപ്പെടുത്തൽ നടത്തുന്നുണ്ട്. ചെലവ് വൗച്ചറുകൾ പ്രസിഡന്റ്, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. രസീത്

ബുക്കുകൾക്ക് സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27/07/2022,29 /07/2022, 01/08/2022 | 01/2022 മുതൽ 03/2022 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 04/07/2014 | 2009-10 മുതൽ 2013-14 വരെ | എൽ ബി എ (എച് ക്യു)/II/ 8 A - 2187/220 തീയതി 05.09.2014 |

## 1-11 മാനുവൽ രസീത് ബുക്കുകളുടെ സ്റ്റോക്ക്,വിതരണ രേഖപ്പെടുത്തലുകളിൽ അപാകത

ഗ്രാമപഞ്ചായത്തിലെ മാനുവൽ രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ 5751 നമ്പർ രസീത് ബുക്ക് കൃഷി ഓഫീസർക്ക് വിതരണം ചെയ്തതായി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കൃഷി ഓഫീസർ മേൽ രസീത് ബുക്ക് കൈപ്പറ്റിയിട്ടില്ല. വിതരണം ചെയ്തിട്ടില്ലാത്ത രസീത് ബുക്ക് വിതരണം ചെയ്തതായി കാണിച്ച് സ്റ്റോക്കിൽ കുറവ് വരുത്തുകയാണ് ഉണ്ടായത്. സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള രസീത് ബുക്കുകളുടെ ബാലൻസ് എണ്ണം 15 ആണ്. എന്നാൽ മേൽ രസീത് ബുക്ക് കൂടി ചേർത്ത് രസീത് ബുക്കുകളുടെ യഥാർത്ഥ എണ്ണം 16 ആണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (44/21.12.2023) മറുപടി ലഭ്യമാക്കിയില്ല. രസീത് ബുക്കകളുടെ വിതരണ, സ്റ്റോക്ക് രേഖപ്പെടുത്തലുകളിലെ അപാകത പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണസംവിധാനത്തിലെ പാളിച്ചയായി ഓഡിറ്റ് നിരീക്ഷിക്കുന്നു. വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. സ്റ്റോക്ക് രജിസ്റ്റർ കൃത്യമാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-12 ഓൺലൈൻ പേമെന്റ് - തുക ക്രെഡിറ്റാകുന്നതിൽ കാലതാമസം

വിവിധ സേവനങ്ങൾക്കുള്ള ഫീസ് തുകകളും , നികതി-നികുതിയേതര വരവിനത്തിലുള്ള തുകകളും ഓൺലൈനായി ഒടുക്കുന്നത് പഞ്ചായത്തിന്റെ 67395664226നം. (എസ്.ബി.ഐ. കുരോപ്പട ശാഖ) അക്കൗണ്ടിലേക്കാണ് ലഭിക്കുന്നത്. ഓൺലൈൻ പേമെന്റിനായി സോഫ്റ്റ്‌വെയറിൽ മാപ്പ് ചെയ്തിരിക്കുന്ന ടി അക്കൗണ്ടുകളിൽ വരവ് രസീത് ചെയ്ത ശേഷം 2-3 മാസങ്ങൾക്ക് ശേഷമാണ് തുക അക്കൗണ്ടിൽ ക്രഡിറ്റാകുന്നത് എന്ന് പരിശോധനയിൽ കാണുന്നു. വിവിധ സേവനങ്ങൾക്കുള്ള ഫീസുൾപ്പടെ ചെറിയ തുകകളും ഈ അക്കൗണ്ടിൽ ലഭിക്കുന്നതിനാൽ ഇടപാടുകളുടെ എണ്ണം കൂടുകയും തുക ഏത് വരവാണ് എന്ന് തിരിച്ചറിയുന്നതിന് സാങ്കേതികമായ ബുദ്ധിമുട്ടുണ്ടാവുകയും ചെയ്യുന്നു. പഞ്ചായത്തിന്റെ മേൽപറഞ്ഞ ഓൺലൈൻ ആവശ്യത്തിനുള്ള ബാങ്ക് അക്കൗണ്ടിന്റെ മാർച്ച്-2023 ലെ റീക്കൺസിലേഷൻ പത്രിക പ്രകാരം 31/03/2023 വരെ രസീത് ചെയ്തതിൽ 101549/- രൂപ ലഭിക്കാനുണ്ട്. തുടർമാസങ്ങളിലെ ബാങ്ക് സ്റ്റേറ്റ്മെൻ്റ് പരിശോധിച്ചതിൽ നിന്നും ടി തുക 3 മാസം കഴിഞ്ഞിട്ടും ലഭിക്കാത്ത അവസ്ഥയുണ്ട്. ഓൺലൈൻ ആയി ലഭിക്കുന്ന തുക IKM അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്ത ശേഷം പേമെന്റ് ഗേറ്റ്‌വേ മുഖേനയാണ് പഞ്ചായത്തിന് ലഭിക്കുന്നത്. പഞ്ചായത്തിന്റെ വരുമാനം

IKM-ൽ നിന്നും ലഭിക്കാൻ കാലതാമസം ഉണ്ടാകുന്ന വിഷയത്തിൽ വ്യക്തമായ വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (5/17.12.2023) ലഭ്യമാക്കിയ മറുപടിയിൽ വിഷയം മേൽ ഓഫീസിൽ അറിയിച്ച് അപാകത പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു.ഉടർനടപടികളുടെ വിവരങ്ങൾ രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-13 വസ്തുനികുതി പരിഷ്കരണം

വസ്തുനികുതി പരിഷ്കരണത്തിനുള്ള സർക്കാർ നിർദ്ദേശമനുസരിച്ച് കുരോപ്പട ഗ്രാമപഞ്ചായത്ത് ഭരണസമിതി 09/10/2023 ലെ 3(1) നം. തീരുമാന പ്രകാരം നികുതി നിരക്ക് നിർണ്ണയിച്ച് അംഗീകരിച്ചിട്ടുണ്ട്. പഞ്ചായത്ത് ഭരണസമിതി തീരുമാന പ്രകാരമുള്ള നികുതി നിരക്കുകൾ 19-10-23- ലെ സി4-1272/2023. നം. കരട് വിജ്ഞാപന പ്രകാരം ആക്ഷേപങ്ങൾ സമർപ്പിക്കുന്നതിനായി 30 ദിവസ കാലയളവ് നൽകി പ്രസിദ്ധീകരിച്ചിട്ടുണ്ട്(പത്രമാധ്യമത്തിൽ ഉൾപ്പടെ). മേൽ തീരുമാനപ്രകാരമുള്ള വസ്തുനികുതി നിരക്കുകളിൽ ചില അപാകതകൾ ഉള്ളതായി കാണുന്നു.വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ കാര്യത്തിൽ 200 ച.മീ ന മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റുകൾ ,ഷോപ്പിംഗ് മാളുകൾ എന്നിവയ്ക്ക് ബാധകമായ നിരക്ക് 80 രൂപയായിരുന്നു. എന്നാൽ പുതുക്കിയ നിരക്ക് പ്രകാരം 100 ച.മീ മുതൽ 500 ച.മീ വരെയുള്ള കെട്ടിടങ്ങൾക്ക് പുതുക്കിയ നികുതി നിരക്ക് 60രൂപയാണ് . ആയതു പ്രകാരം 200 ച.മീറ്ററിനു മുകളിൽ തറ വിസ്തീർണ്ണം ഉള്ള കെട്ടിടങ്ങളുടെ നികുതി നിരക്കിൽ കുറവ് വന്നതായി കാണുന്നു. വസ്തു നികുതി പുതുക്കി നിശ്ചയിക്കുമ്പോൾ ഇപ്രകാരം പഴയ നിരക്കിനേക്കാൾ കുറഞ്ഞ നിരക്ക് / അതേ നിരക്ക് നിശ്ചയിക്കുന്നതു വഴി മേൽ കെട്ടിടങ്ങളുടെ കാര്യത്തിൽ നികുതി വർദ്ധനവ് സാധ്യമാകുമോ എന്നതിൽ അവ്യക്തതയുണ്ട്.അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (40/20.12.2023) മറുപടി ലഭ്യമാക്കിയില്ല. ഭരണസമിതി മേൽ വിഷയം പരിഗണിച്ച് ഉചിതമായ തീരുമാനം കൈക്കൊണ്ട് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-14 വസ്തുനികുതി നിർണ്ണയം -റോഡിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധന കണക്കിലെടുത്തില്ല.

കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) 2011ചട്ടം 6 പ്രകാരം വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതിയിൽ 20 % വർദ്ധന വരുത്താവുന്നതാണ്.ഗ്രാമപഞ്ചായത്തിലെ അസ്സസ്സ്മെന്റ് രജിസ്റ്റർ പ്രകാരം താഴെപ്പറയുന്ന കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയത്തിൽ റോഡിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധന കണക്കിലെടുത്തതായി കാണുന്നില്ല.

| വാർഡ് / കെട്ടിട നമ്പർ/ ഉടമ | കെട്ടിടം സ്ഥിതി ചെയ്യുന്ന റോഡിന്റെ പേരും തരവും (അംഗീകൃത പ്ലാൻ,ഫാറം 2 എന്നിവ പ്രകാരം) | വിസ്തീർണ്ണം (ച മീ), കെട്ടിടത്തിന്റെ തരം/ നിരക്ക് | നിലവിൽ ഈടാക്കുന്ന അടിസ്ഥാന വസ്തുനികുതി | അടിസ്ഥാനവസ്തു നികുതിയിൽ വരുത്തേണ്ടിയിരുന്ന വർദ്ധന |
|---|---|---|---|---|
| പ്രദീപ് കുമാർ പി കെ & മീരാ ദാസ് 262/C | മൂങ്ങാക്കുഴി ചാത്തൻപാറ പി ഡബ്ല്യു ഡി റോഡ് (5 മീറ്ററിലധികം) | 196.64/പാർപ്പിടാവശ്യം/5 | 983 | 197 |

| | | | | |
|---|---|---|---|---|
| വാർഡ് 4 | | | | |

വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (2/17.12.2023) ലഭ്യമാക്കിയ മറുപടിയിൽ അപാകത പരിഹരിച്ച് നികുതി പുനർനിർണ്ണയിച്ച് വിവരം ഓഡിറ്റിൽ അറിയിക്കുന്നതാണെന്ന് അറിയിച്ചു.തുടർനടപടികളുടെ വിവരങ്ങൾ രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-15 വസ്തുനികുതി നിർണ്ണയം - ഉപയോഗക്രമത്തിന്റെ കൃത്യത ഉറപ്പാക്കിയിട്ടില്ല.**

പഞ്ചായത്തിന്റെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ വിവിധ വ്യാപാര/വ്യവസായ സ്ഥാപനങ്ങൾക്ക് ആയവ പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ തരം പാർപ്പിടാവശ്യമെന്ന് കാണുന്നതിനാൽ ലൈസൻസ് ആവശ്യത്തിനുള്ള അപേക്ഷ നിരസിച്ചതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വ്യക്തിയുടെ പേര് | സ്ഥാപനം | കെട്ടിട നമ്പർ | സഞ്ചയ പ്രകാരമുള്ള വിസ്തീർണ്ണം(ച മീ) |
|---|---|---|---|---|
| 1 | അനീഷ്കുമാർ എ വി | സ്ഥാപനത്തിന്റെ തരം രേഖപ്പെടുത്തിയിട്ടില്ല. | 14/259 | 60 |
| 2 | സുകുമാരി കെ എൻ | പലചരക്ക് വ്യാപാരം | 13/27 | 48 |
| 3 | വി റ്റി മഹിധരൻ | ഹോട്ടൽ | 11/509 | 210 |

മേൽ കെട്ടിടങ്ങളുടെ വസ്തുനികുതി ഉപയോഗക്രമത്തിന് ബാധകമായ പുനർനിർണ്ണയിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (38/19.12.2023) മറുപടി വസ്തുനികുതി പുനർനിർണ്ണയിച്ചിട്ടില്ലെന്ന് അറിയിച്ചു. മേൽ കെട്ടിടങ്ങളുടെ വസ്തുനികുതി ഉപയോഗക്രമത്തിന് ബാധകമായ പുനർനിർണ്ണയിച്ച് നികുതി കുടിശ്ശിക സഹിതം ഈടാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-16 തൊഴിൽനികുതി / സ്ഥാപന തൊഴിൽനികുതി ഈടാക്കിയില്ല.**

1.1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1) പ്രകാരം പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധ വർഷം 60 ദിവസത്തിൽ കുറയാതെ തൊഴിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടവർക്ക് തൊഴിൽ നികുതി ചുമത്തേണ്ടതാണ്. 2022-23വർഷത്തെ തൊഴിൽ നികുതി സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കാത്തതായി കാണുന്നു.

| ക്രമ നമ്പർ | സ്ഥാപനം | അടക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | ടി എസ് നം 43 | 2 |
| 2 | ടി എസ് നം 55 | 2 |
| 3 | ടി എസ് നം 37 | 2 |
| 4 | ഡെപ്യൂട്ടി ലേബർ കമ്മീഷണറുടെ ഓഫീസ് | 1,2 |

| | | |
|---|---|---|
| 5 | കെ എസ് ഇ ബി സബ് സ്റ്റേഷൻ | 1,2 |
| 6 | വിവിധ ക്ഷീരോദ്പാദക സഹകരണ സംഘങ്ങൾ | 1,2 |
| 7 | മാക്കിൽ ഫിനാൻസസ് | 1,2 |
| 8 | കാർമൽ ഫിനാൻസസ് | 1,2 |
| 9 | ക്രോസ്സ് റോഡ്സ് പബ്ലിക് സ്കൂൾ | 1,2 |

**2.**ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ടേണോവർ അടിസ്ഥാനത്തിലുള്ള തൊഴിൽ നികുതി രണ്ട് അർദ്ധവർഷങ്ങളിലും ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1. | ടി എസ് നം 37 |
| 2. | ടി എസ് നം 55 |
| 3. | ടി എസ് നം 43 |
| 4. | പാരഗൺ |
| 5. | മാക്കിൽ ഫിനാൻസസ് |
| 6. | കാർമൽ ഫിനാൻസസ് |
| 7 | വിവിധ ക്ഷീരോൽപാദക സഹകരണ സംഘങ്ങൾ |

3.പഞ്ചായത്തിൽ മരാമത്ത് പ്രവൃത്തികളുടെ 2022-23 വർഷത്തെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർ, ആധാരം എഴുത്തുകാർ, പ്രാക്ടിസ് നടത്തുന്ന ഡോക്ടർമാർ തുടങ്ങിയവർ തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല. വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (30/19.12.2023) തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കുന്നതാണെന്ന് മറുപടി നൽകി. തൊഴിൽ നികുതി ഈടാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-17 വാടകനിക്ഷേപം വാടകയ്ക്ക് ആനുപാതികമായി ഈടാക്കിയിട്ടില്ല.**

ഗ്രാമപഞ്ചായത്തിലെ വാടക രജിസ്റ്റർ പ്രകാരം പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ 9 മുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ ചില വാടകക്കാരിൽ നിന്നും വാടകയ്ക്ക് ആനുപാതികമായി വാടകനിക്ഷേപം സ്വീകരിച്ചിട്ടില്ല. വാടക രജിസ്റ്റർ പ്രകാരമുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | മുറി നം/വാടകക്കാരൻ | പ്രതിമാസവാടക | നിലവിലെ നിക്ഷേപം |
|---|---|---|---|
| 1 | 4/456 - ഹരികുമാർ കെ ജി | 1257 | 501 |
| 2 | 4/457 - പ്രസിഡന്റ് ,കുരോപ്പട സർവ്വീസ് സഹകരണ ബാങ്ക് | 863 | 343 |
| 3 | 4/458 - സുനിൽകുമാർ ടി കെ | 1164 | 548 |
| 4 | 4/461 - ഹരികുമാർ | 729 | 343 |

| | | | |
|---|---|---|---|
| | ബി | | |
| 5 | 4/462 – അനമോൾ മാത്യു | 867 | 346 |
| 6 | 4/463 – ജമുന എസ് റാണി | 747 | 295 |
| 7 | 4/454 – പ്രസിഡന്റ് ,കുരോപ്പട സർവ്വീസ് സഹകരണ ബാങ്ക് | 1479 | 588 |

വാടകനിക്ഷേപം ആനുപാതികമായി സ്വീകരിക്കാത്തതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (28/18.12.23) ലഭ്യമാക്കിയ മറുപടിയിൽ വാടകയ്ക്ക് ആനുപാതികമായി വാടകനിക്ഷേപം സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് അറിയിച്ചു. തുടർനടപടികളുടെ വിവരങ്ങൾ രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-18 പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിൽ നിന്നും വാടക ഈടാക്കുന്നില്ല-21.5 ലക്ഷം രൂപ വരുമാന നഷ്ടം**

കുരോപ്പട ഗ്രാമപഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലംക്സിന്റെ ഒന്നാം നിലയിലെ 4/460 നമ്പർ ഹാളിൽ2 കെ എസ് ഇ ബി, ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് പ്രവർത്തിക്കുന്നുണ്ട്. വാടക രജിസ്റ്റർ പ്രകാരം മേൽ സ്ഥാപനത്തിൽ നിന്നുമുള്ള വാടക ഡിമാൻഡ് ചെയ്ത് ഈടാക്കുന്നില്ല. ബന്ധപ്പെട്ട ഫയലിൽ നടത്തിയ പരിശോധനയിൽ പഞ്ചായത്ത് കമ്മറ്റിയുടെ 18.02.2016 ലെ 8/1 തീരുമാനപ്രകാരം കെ എസ് ഇ ബി ഓഫീസ് താത്കാലികമായി പ്രവർത്തിക്കുന്നതിന് പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ 2 വർഷത്തേക്ക് സൗജന്യമായി നൽകുന്നതിന് തീരുമാനിച്ചിട്ടുള്ളതായി കാണുന്നു. ഗ്രാമപഞ്ചായത്ത് കെട്ടിടത്തിൽ കെ എസ് ഇ ബി ഓഫീസ് പ്രവർത്തനത്തിന് സൗജന്യമായി നൽകിയത് സ്ഥിരം സംവിധനമായിട്ടല്ലെന്നും ഓഫീസ് പ്രവർത്തനം ആരംഭിച്ചതിന് ശേഷം കുരോപ്പട ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽത്തന്നെ അനുയോജ്യമായ സ്ഥലം കണ്ടെത്തി രണ്ട് വർഷത്തിനകം സ്ഥിരമായ സംവിധാനത്തിലേയ്ക്ക് മാറുന്നതാണെന്ന് കെ എസ് ഇ ബി അധികൃതർ അറിയിച്ചതായി ഫയലിൽ നിന്നും വ്യക്തമാകുന്നു. ഇത് സംബന്ധിച്ച് 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 7 (2) പ്രകാരമുള്ള കരാർ ചമച്ചതായി കാണുന്നില്ല. കൂടാതെ കമ്മറ്റി തീരുമാനത്തിന് സർക്കാർ അംഗീകാരം നേടിയെടുക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നു. മേൽ വിഷയത്തിലും തുടർനടപടികൾ ഉണ്ടായില്ല. ഗ്രാമപഞ്ചായത്തിന്റെ 27.06.2019 ലെ എ8 - 226/18 കത്ത് പ്രകാരം 17.02.2018 മുതലുള്ള നിയമാനുസൃത വാടക പലിശ സഹിതം ഈടാക്കുന്നതിനും വാടക സംബന്ധിച്ച് കരാർ ചമയ്ക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണമെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ,കെ എസ് ഇ ബി, പൊൻകുന്നം ഇലക്ട്രിക്കൽ ഡിവിഷനു കത്ത് നൽകി. മേൽ കത്തിന് നൽകിയ മറുപടിയിൽ ഉപാധിരഹിതമായാണ് കെട്ടിടം സൗജന്യമായി പഞ്ചായത്ത് നൽകിയതെന്നും പഞ്ചായത്ത് കമ്മറ്റിയുടെ 18.02.2016 ലെ 8/1 തീരുമാനമോ അതുപ്രകാരം ഉഭയസമ്മതപ്രകാരമുള്ള ഉടമ്പടിയിലോ കെ എസ് ഇ ബി ഏർപ്പെട്ടില്ലെന്ന് 09.07.2019 ലെ ഡിബി/വാടക/2019-20/401 കത്ത് പ്രകാരം എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു. 27.07.2019 ൽ പഞ്ചായത്ത് കമ്മറ്റി വിഷയം വിശദമായി ചർച്ച ചെയ്ത് 2/1 തീരുമാനപ്രകാരം വാടക ഈടാക്കുന്നതിന് തുടർനടപടി സ്വീകരിക്കുന്നതിന് തീരുമാനിച്ചു. തുടർന്ന് 03.03.2020, 15.07.2020 എന്നീ തീയതികളിൽ ഇത് സംബന്ധിച്ച് കെ എസ് ഇ ബിക്ക് കത്ത് നൽകി. 15.07.2020 ലെ എ8-226/18 കത്ത് പ്രകാരം 788840/-രൂപ 02/2018 മുതൽ കുടിശ്ശികയുള്ളതായി കാണിച്ചിട്ടുണ്ട് (അസി.എഞ്ചിനീയർ എൽ എസ് ജി ഡി കുരോപ്പട ഗ്രാമപഞ്ചായത്തിന്റെ വാല്യുവേഷൻ പ്രകാരം). 09.02.2022 ലെ എ8-226/18 കത്ത് പ്രകാരം കുടിശ്ശിക തുക അടച്ച് മുറികൾ ഒഴിഞ്ഞ് നൽകിയല്ലെങ്കിൽ നിയമനടപടികൾ സ്വീകരിക്കുമെന്ന് കെ എസ് ഇ ബിയെ പഞ്ചായത്ത് അറിയിച്ചു. ഇതിന് മറുപടിയായി 03.03.2022 ലെ ഡിബി/വാടക

/2021-22/489 കത്ത് പ്രകാരം പഞ്ചായത്ത് വക കെട്ടിടത്തിന് മേലിൽ വാടക നിശ്ചയിക്കുന്നതിനും കരാറിൽ ഏർപ്പെടുന്നതിനുമായി ആവശ്യമായ രേഖകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടു. വാടകകുടിശ്ശിക ഈടാക്കുന്നതുൾപ്പെടെ മേൽ വിഷയത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്ത് പ്രസിഡന്റ് ബഹു.വൈദ്യുതി മന്ത്രിക്ക് നൽകിയ നിവേദനത്തിന് ലഭ്യമാക്കിയ മറുപടിയിൽ (838/M(Ele)/VIP/RL/2022 തീയതി 26.10.2022) മേൽ വിഷയത്തിൽ ഉചിതമായ നടപടി സ്വീകരിക്കുന്നതിന് ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻസ്), കെ എസ് ഇ ബി യെ ചുമതലപ്പെടുത്തിയതായി അറിയിച്ചു. 07/03/2022,23/04/2022,18/03/2022,26/05/2022 തീയതികളിൽ വാടകകുടിശ്ശിക അടവാക്കുന്നതിനും മുറി ഒഴിയുന്നതും സംബന്ധിച്ച് പഞ്ചായത്ത് കത്ത് നൽകിയതായും കാണുന്നു. തുടർനടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (29/19.12.2023) ലഭ്യമാക്കിയ മറുപടിയിൽ വാടകയിനത്തിൽ നാളിതുവരെ 2154122/- രൂപ കുടിശ്ശികയുണ്ടെന്നും മേൽതുക ഈടാക്കുന്നതിനും മുറി ഒഴിപ്പിക്കുന്നതിനും നിയമനടപടികൾ ഉൾപ്പെടെ ആരംഭിച്ചിട്ടുള്ളതായും അറിയിച്ചു. വാടക ഡിമാൻഡ് തുടർവർഷങ്ങളിലെ വാർഷികധനകാര്യപത്രികയിൽ ഉൾപ്പെടുത്തുന്നതാണെന്നും അറിയിച്ചു. വാടക കുടിശ്ശിക ഡിമാൻഡ് ചെയ്ത് ഈടാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ആരംഭത്തിൽ തന്നെ ആവശ്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാർ ചമയ്ക്കാതിരുന്നത് പ്രസ്തുത കാലയളവിലെ ഭരണ സമിതിയുടെയും ഉദ്യോഗസ്ഥരുടെയും വീഴ്ചയായി ഓഡിറ്റിൽ കണക്കാക്കുന്നു.

## 1-19 നിയമാനുസൃത ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

1.പഞ്ചായത്തിന്റെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വ്യക്തിയുടെ പേര് | സ്ഥാപനം |
|---|---|---|
| 1 | വിനോദ് പി കെ | ഡ്രൈക്ലീനിംഗ് സെന്റർ |
| 2 | സുധീഷ് കെ എസ് | സ്ഥാപനത്തിന്റെ തരം രേഖപ്പെടുത്തിയിട്ടില്ല |
| 3 | സ്വർണ്ണലത | സ്റ്റുഡിയോ |
| 4 | സജി സി എസ് | വെൽഡിംഗ് സെന്റർ |
| 5 | ജോസൻ എബ്രഹാം | ഫോട്ടോസ്റ്റാറ്റ് സെന്റർ |
| 6 | മോഹനൻ എൻ | സ്റ്റേഷനറി |
| 7 | ജയ്മോൻ ആർ പി | പവർ ടൂൾസ് വാടക |
| 8 | സോമശേഖരൻ നായർ | സ്റ്റേഷനറി |
| 9 | ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കള്ളുഷാപ്പുകൾ, റേഷൻ കടകൾ | |

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (37/19.12.2023) ലഭ്യമാക്കിയ മറുപടിയിൽ മേൽ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ച് വരുന്നതായി അറിയിച്ചു.ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന നിയമാനുസൃത ലൈസൻസ് ആവശ്യമായ എല്ലാ സ്ഥാപനങ്ങളും ചട്ടപ്രകാരമുള്ള നടപടികൾ പാലിച്ച് ലൈസൻസോടെയാണ് പ്രവൃത്തിക്കുന്നതെന്ന് ഉറപ്പുവരുത്തി വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 1-20 Sale Of Timber - വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

ഗ്രാമപഞ്ചായത്തിന്റെ 2022-23 വാർഷിക ധനകാര്യപത്രിക RP – 5 ഷെഡ്യൂൾ 150100110 – Receipts From Sale Of Timber ശീർഷകത്തിൽ 176,856 രൂപ അക്കൗണ്ട് ചെയ്തിട്ടുള്ളതായി കാണുന്നു.മേൽ വരവുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ,അനുബന്ധരേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (4/17.12.2023) ലഭ്യമാക്കിയ മറുപടിയിൽ ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിലൂടെ കൂടംകുളം ലൈൻ എക്സ്ടെൻഷൻ നടത്തിയ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള പുറമ്പോക്ക് ഭൂമിയിൽ സ്ഥിതി ചെയ്തിരുന്ന മരങ്ങൾ വെട്ടിമാറ്റിയിരുന്നുവെന്നും പ്രസ്തുതയിനത്തിൽ കുരോപ്പട ഗ്രാമപഞ്ചായത്തിന് ലഭിച്ചതാണ് മേൽത്തുകയെന്നും അറിയിച്ചു.മറ്റു വിശദാംശങ്ങളൊന്നുംതന്നെ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.വിശദാംശങ്ങളുടെ അഭാവത്തിൽ തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.പഞ്ചായത്തിന് ധനനഷ്ടം സംഭവിച്ചിട്ടില്ലെന്ന് ഭരണസമിതി ഉറപ്പുവരുത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 1-21 അധിക വിഭവ സമാഹരണം

കുരോപ്പട ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനസ്രോതസ്സുകൾ പൂർണ്ണമായി കണ്ടെത്തുകയും പുതിയവ ഉൾപ്പെടുത്തുകയും ചെയ്യുന്നതിലൂടെ നികുതി/നികുതിയേതര തനത് വരുമാനം വിപുലീകരിക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തിലെ വരവിനങ്ങൾ പരിശോധിച്ചതിൽ ഓഡിറ്റ് നിരീക്ഷണങ്ങളും തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ശുപാർശകളും താഴെ ചേർക്കുന്നു.

**വസ്തുനികുതി വരവ്**

വസ്തുനികുതിയിനത്തിൽ 31/03/2023 ൽ 1219721 രൂപ കുടിശ്ശികയുണ്ട്. കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.സാമ്പത്തിക വർഷാരംഭത്തിൽ തന്നെ വസ്തുനികുതി സമാഹരിക്കുന്നതിനുള്ള നടപടികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ആരംഭിക്കേണ്ടതും ഈ പ്രവർത്തനങ്ങൾക്ക് ഗ്രാമപഞ്ചായത്തുകളിൽ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ നേതൃത്വം നൽകേണ്ടതുമാണ്. നികുതി പിരിവ് പുരോഗതി എല്ലാ മാസവും ആദ്യം കൂടുന്ന യോഗത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തണം. ഇതു സംബന്ധിച്ച് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശുപാർശ വസ്തുനികുതി സമാഹരണം കാര്യക്ഷമമാക്കും എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.01.04.2023 പ്രാബല്യത്തിൽ വസ്തു നികുതി പരിഷ്കരിക്കുന്നതിന് ഭരണസമിതി തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**ബിൽഡിങ്ങ് പെർമിറ്റ്**

ഫീൽഡ്തല പരിശോധനയിലൂടെ അനധികൃത നിർമ്മാണങ്ങളെ പ്രാരംഭഘട്ടത്തിൽ തന്നെ തിരിച്ചറിഞ്ഞ് നടപടി സ്വീകരിച്ച്, നിർമ്മാണ പൂർത്തീകരണത്തിന് ശേഷമുണ്ടാകാനിടയുള്ള സങ്കീർണ്ണതകൾ ഒഴിവാക്കേണ്ടതാണ്. വാർഡ് അടിസ്ഥാനത്തിൽ അനധികൃത നിർമ്മാണങ്ങൾ റിപ്പോർട്ട് ചെയ്യാനായി ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തേണ്ടതും നിയമാനുസൃതമല്ലാതെ നിർമ്മിക്കുന്ന കെട്ടിടങ്ങളുടെ നിർമ്മാണം നിർത്തിവെപ്പിക്കേണ്ടതും നിയമാനുസൃത പിഴ ഈടാക്കേണ്ടതുമാണ്.

**തൊഴിൽ നികുതി**

തൊഴിൽ നികുതിയിനത്തിൽ 31/03/2023 ൽ 31500/-രൂപ കുടിശ്ശികയുണ്ട്. കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. സ്വയംതൊഴിൽ കണ്ടെത്തിയവർ പ്രൊഫഷണലുകൾ മുതലായവരെ ഉൾപ്പെടുത്തി ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്. . പഞ്ചായത്ത് പരിധിയിൽ പ്രാക്ടീസ് ചെയ്യുന്ന ഡോക്ടർമാർ, ചാർട്ടേർഡ് അക്കൗണ്ടന്റുമാർ, കരാറുകാർ തുടങ്ങിയവരെ തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെടുത്തേണ്ടതാണ്.കൂടാതെ ഫീൽഡ് പരിശോധന നടത്തി പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും തൊഴിൽ നികുതി അടവാക്കുന്നുവെന്ന്

ഉറപ്പുവരുത്തേണ്ടതാണ്.

**ലൈസൻസ് വരവ്**

ലൈസൻസ് ഇല്ലാതെ കെട്ടിടങ്ങൾ പ്രവർത്തിക്കുന്നത് പഞ്ചായത്തിന് ലഭ്യമാകേണ്ടിയിരുന്ന വരുമാനം നഷ്ടമുണ്ടാക്കുന്നു. ഈയിനത്തിൽ 26000/- രൂപ കുടിശ്ശികയായി അവശേഷിക്കുന്നുണ്ട്. ലൈസൻസ് രജിസ്റ്ററിൽ നടത്തിയ പരിശോധനയിൽ നിരവധി സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നതായി കണ്ടു. ധനകാര്യ സ്റ്റാന്റിങ് കമ്മറ്റി ഇക്കാര്യം അടിയന്തിരമായി പരിശോധിച്ച്, പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും IFTEOS ലൈസൻസ് എടുത്തു എന്ന് ഉറപ്പ് വരുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**വാടക**

വാടകയിനത്തിൽ 2022-23 വർഷം കുടിശ്ശികയുണ്ടായിരുന്ന 58137 രൂപ 2023-24 വർഷം പിരിച്ചെടുത്തിട്ടുണ്ട്.എന്നാൽ പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോപ്ലംക്സിൽ പ്രവർത്തിക്കുന്ന കെ എസ് ഇ ബി ഓഫീസിന്റെ വാടക 2018 ഫെബ്രുവരി മാസം മുതൽ ഈടാക്കിയിട്ടില്ല.വാടക ഡിമാൻഡ് ചെയ്ത് കുടിശ്ശികയായി വാർഷികധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.ഇത് പഞ്ചായത്തിന് തനത് ഫണ്ടിൽ വലിയ വരുമാനനഷ്ടം ഉണ്ടാക്കുന്നുണ്ട്.വാടക അടിയന്തരമായി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

വരവ് വർദ്ധിപ്പിക്കുന്നത് കൂടാതെ ചെലവുകൾ നിയന്ത്രിക്കേണ്ടതും ആവശ്യമാണ്.പഞ്ചായത്ത് അടവാക്കുന്ന വെള്ളക്കരം, വൈദ്യുത ചാർജ്ജ് എന്നിവയോടൊപ്പം മേൽ ചാർജ്ജുകൾ സമയബന്ധിതമായി അടവാക്കാത്തത് കാരണം സർചാർജ്ജ് ഈടാക്കുന്നതായി കാണുന്നു. മേൽ തുകകൾ താരതമ്യേന ചെറുതാണെങ്കിലും ആയത് പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടാക്കുന്നു. തെരുവു വിളക്കുകൾ പൂർണ്ണമായും മീറ്റർ ഘടിപ്പിച്ചവയല്ല. മീറ്റർ ഘടിപ്പിച്ച് വൈദ്യുത ചാർജ്ജിനത്തിലുള്ള ചെലവ് നിയന്ത്രിക്കാവുന്നതാണ്. പൊതുടാപ്പുകളുടെ സംയുക്തപരിശോധന നടപടികൾ അടിയന്തരമായി പൂർത്തീകരിച്ച് വെള്ളക്കരമിനത്തിലുള്ള ചെലവും നിയന്ത്രിക്കാവുന്നതാണ്.

### 1-22 പ്രോജക്ട് നിലവിലുള്ളപ്പോൾ തനത് ഫണ്ടിൽ നിന്നും കരാറുകാരന് തുക നൽകി

ടേക്ക് എ ബ്രേക്ക് പദ്ധതി നടപ്പിലാക്കുന്നതിനായി 2020-21 സാമ്പത്തിക വർഷം 2000000/- രൂപ അടങ്കലിൽ പ്രോജക്ട് തയ്യാറാക്കിയിരുന്നുവെങ്കിലും നടപ്പാക്കിയില്ല. ടി പ്രോജക്ട് 2022-23 സാമ്പത്തിക വർഷത്തിൽ 51/23 നമ്പരായി 2000000/- രൂപ അടങ്കലിൽ സ്പിൽ ഓവർ പ്രോജക്ടായി ഉൾപ്പെടുത്തി ആന്റണി ലിയോൺസ് എന്നയാളുമായി കരാറിൽ ഏർപ്പെട്ടിരുന്നു. ടി പ്രവൃത്തി നടപ്പാക്കുന്നതിന് മുന്നോടിയായി ജെ.സി.ബി. ഉപയോഗിച്ച് മണ്ണ് ലെവലിങ് ചെയ്തതിനും സൈറ്റിലുള്ള മരം മുറിച്ചതിനും ചെലവായ തുക 9500/- രൂപ തനത് ഫണ്ടിൽ നിന്നും കരാറുകാരനായ ആന്റണി ലിയോൺസിന് 329287/05.07.22 ചെക്ക് പ്രകാരം നൽകിയിട്ടുണ്ട്. നിലവിൽ ടേക്ക് എ ബ്രേക്കിന് പ്രോജക്ടുള്ളപ്പോൾ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരന് തനത് ഫണ്ടിൽ നിന്നും തുക അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.32/ 19.12.23) പദ്ധതി നടത്തിപ്പിന്റെ കാലതാമസം ഒഴിവാക്കുന്നതിനായാണ് പ്രസ്തുത പ്രവൃത്തിയ്ക്ക് തുക നൽകിയതെന്നാണ് മറുപടി ലഭ്യമാക്കിയത്. പ്രോജക്ട് ചെലവിൽ ഉൾപ്പെടുത്തേണ്ട തുക തനത് ഫണ്ടിൽ നിന്നും നൽകിയത് ക്രമപ്രകാരമല്ല. ടി ആവശ്യത്തിലേക്കായി വിനിയോഗിച്ച 9500/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.

### 1-23 തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിച്ചിട്ടില്ല - വൈദ്യുതി ചാർജ്ജ് തനത് ഫണ്ടിന് ബാധ്യത.

കുരോപ്പട ഗ്രാമപഞ്ചായത്തിലെ കുരോപ്പട ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിലുള്ള 1157498001884 നമ്പരായ തെരുവ് വിളക്കുകൾക്ക് മീറ്റർ സമ്പ്രദായം ഏർപ്പെടുത്തിയിട്ടില്ലാത്തതിനാൽ വൈദ്യുതി ചാർജ്ജ് 8A താരിഫിലാണ് നിർണ്ണയിച്ചിരിക്കുന്നത്. 2022 -23 സാമ്പത്തിക വർഷം 441 രൂപ സർചാർജ്ജ് ഉൾപ്പെടെ 264934 രൂപ വൈദ്യുതിചാർജ്ജിനത്തിൽ ഒടുക്കിയിട്ടുണ്ട്. ടി കൺസ്യൂമർ നമ്പരായ തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനായി ബന്ധപ്പെട്ട ഇലക്ട്രിക് സെക്ഷനുകളിൽ തുക നിക്ഷേപിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും നിലവിൽ ടി തെരുവ്

വിളക്കുകൾക്ക് വൈദ്യുതി ചാർജ്ജ് നിർണ്ണയിച്ചിരിക്കുന്നതിന്റെ നിരക്കും പ്രവർത്തിക്കുന്ന ബൾബുകളുടെ എണ്ണവും ഇനവും ലഭ്യമാക്കേണ്ടതാണെന്നും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (9/17.12.23) 1726 ബൾബുകൾ പ്രവർത്തിക്കുന്നതിനുള്ള വൈദ്യുത ചാർജ്ജാണെന്നും മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. ബൾബുകളുടെ എണ്ണം ലഭ്യമാക്കിയെങ്കിലും ഇനം, വാട്ട് എന്നിവ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ തുകയുടെ കൃത്യത വ്യക്തമല്ല. ഗ്രാമപഞ്ചായത്ത് പരിധിയലുള്ള മീറ്ററിംഗ് ഏർപ്പെടുത്തിയിട്ടുള്ള തെരുവ് വിളക്കുകളുടെ വൈദ്യുത ചാർജ്ജ് താരതമ്യേന കുറവാണെന്ന് കാണുന്നു. മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്താത്ത തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വൈദ്യുത ചാർജ്ജിനത്തിൽ തനത് ഫണ്ട് പാഴാകുന്നത് ഒഴിവാക്കേണ്ടതാണ്. കൂടാതെ സമയബന്ധിതമായി വൈദ്യുത ബില്ലുകൾ ഒടുക്കി സർചാർജ്ജിനത്തിൽ അധികം തുക ഒടുക്കുന്നതും ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-24 പൊതു ടാപ്പുകളുടെ വെള്ളക്കരം - സംയുക്തപരിശോധന നടത്തിയിട്ടില്ല.**

കുരോപ്പട ഗ്രാമപഞ്ചായത്തിൽ 146 സ്ട്രീറ്റ് ടാപ്പുകളുടെ വെള്ളക്കരമായി 2022 ഏപ്രിൽ മാസം മുതൽ 2023 ജനുവരി വരെ പ്രതിമാസം 70421/- രൂപ നിരക്കിൽ ആകെ 704210/-രൂപ 2022-23 സാമ്പത്തിക വർഷത്തിൽ വാട്ടർ അതോറിറ്റിയിൽ ഒടുക്കിയിട്ടുണ്ട്. 4 മാസത്തെ വെള്ളക്കരമായ 281684/- രൂപ തനതു ഫണ്ടിൽ നിന്നും 6 മാസത്തെ വെള്ളക്കരമായ 422526/- രൂപ റോഡിതര മെയിന്റനൻസ് ഗ്രാന്റ് വകയിരുത്തി പ്രോജക്ട് (നം.125/23) ആവിഷ്കരിച്ചാണ് ഒടുക്കിയിട്ടുള്ളത്. ഫെബ്രുവരി മാസത്തിലെ ഡിമാന്റ് നോട്ടീസ് പ്രകാരം പ്രതിമാസ നിരക്ക് 70421 രൂപയിൽ നിന്ന് 177135/- രൂപ ആയി ഉയർന്നിട്ടുണ്ട്. നിരക്ക് വർദ്ധിച്ചതിനുശേഷം ഓഡിറ്റ് സമയം വരെ വെള്ളക്കരമിനത്തിൽ തുക ഒടുക്കിയിട്ടില്ല. ഉപയോഗയോഗ്യമായ സ്ട്രീറ്റ് ടാപ്പുകളുടെ എണ്ണം കൃത്യമാക്കുന്നതിനായി വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ/ ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം. 10/ 17.12.23) സംയുക്ത പരിശോധന നടത്തിയ നൽകിയ റിപ്പോർട്ട് അപൂർണ്ണമായതിനാൽ പൂർണ്ണമായ വിവരങ്ങൾ ലഭ്യമാക്കുന്നതിന് 14.11.23 ൽ എസ്.സി. 1 - 5999/2023 നമ്പരായി കത്ത് നൽകിയിട്ടുള്ളതാണെന്നാണ് മറുപടി ലഭ്യമാക്കിയത്. ഉപയോഗയോഗ്യമായ സ്ട്രീറ്റ് ടാപ്പുകളുടെ എണ്ണം കൃത്യമാക്കുന്നതിനായി തുടർനടപടികൾ സ്വീകരിച്ച് ആവശ്യമായ ടാപ്പുകൾക്ക് മാത്രമേ വെള്ളക്കരം ഒടുക്കുന്നുള്ളുവെന്ന് ഉറപ്പുവരുത്താൻ ഭരണസമിതിയും സ്റ്റാന്റിംഗ് കമ്മറ്റി അംഗങ്ങളും ശ്രദ്ധിക്കേണ്ടതാണ്.

**1-25 ഗ്രാമലക്ഷമി മുദ്രാലയത്തിന് നൽകിയ 85855 രൂപ – ചെലവിന്റെ കൃത്യത വ്യക്തമല്ല.**

2019- 20, 2020-21, 2021 - 22 വർഷങ്ങളിൽ ഫോറങ്ങളും രജിസ്റ്ററുകളും പർച്ചെയ്സ് ചെയ്തതിന്റെ തുകയായ 85855/- രൂപ ഗ്രാമലക്ഷ്മി മുദ്രാലയത്തിന് ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് 17.11.22 ൽ ഗ്രാമലക്ഷ്മി മുദ്രാലയം ജനറൽ മാനേജർ നൽകിയ ജി.എൽ.എം /ഇ/2691/22 നമ്പർ കത്ത് പ്രകാരം ചെക്ക് നം. 329311 /31.01.23 ആയി 85855 രൂപ ഒടുക്കിയിട്ടുണ്ട്. മുൻവർഷങ്ങളിൽ ടി തുക നൽകിയിട്ടില്ലായെന്നതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (24/ 18.12.23) ലഭ്യമാക്കിയ മറുപടിയിൽ മുൻവർഷങ്ങളിൽ തുക നൽകാനവശേഷിച്ചിരുന്നുവെന്നതിന്റെ രേഖകളൊന്നും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ തുകയുടെ കൃത്യത ഉറപ്പാക്കാൻ സാധിച്ചില്ല. സ്ഥാപനത്തിൽ നിന്നും ലഭ്യമായ കത്തിന്റെ മാത്രം അടിസ്ഥാനത്തിൽ തുക നൽകുന്നത് ക്രമപ്രകാരമല്ല. ഗ്രാമലക്ഷ്മി മുദ്രാലയത്തിന് മുൻ വർഷങ്ങളിൽ തുക നൽകുവാനുണ്ടായിരുന്നുവെന്നതിന്റെ കൃത്യത പരിശോധിച്ചുറപ്പാക്കേണ്ടതാണ്. ചെലവ് രേഖകളുടെ അഭാവത്തിൽ 85855/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-26 മുൻകൂറുകൾ ക്രമീകരിക്കാനവശേഷിക്കുന്നു.**

2022-23 വർഷത്തെ വൗച്ചർ പരിശോധനയിൽ മുൻകൂറായി നൽകിയിട്ടുള്ള തുകകൾ നാളിതുവരെ ക്രമീകരിക്കാതെ അവശേഷിക്കുന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെചേർക്കുന്നു.

**പ്രോജക്റ്റ് നം.198/23**

| ക്രമ നം. | വൗച്ചർ നം. തീയതി | ക്രമീകരിക്കുവാൻ അവശേഷിക്കുന്ന തുക | റിമാർക്സ് |
|---|---|---|---|
| 1 | 22200370/ 28.09.22 | 8000 | ഓണം അഡ്വാൻസ് നൽകിയ തുക |
| 2 | 22200471/ 10.11.22 | 30000 | കേരളോത്സവത്തിന് സുബീഷ്.എ.ആർ, സെക്ഷൻക്ലർക്കിന് മുൻകൂറായി നൽകിയ തുക |
| 3 | 22200359/23.09.22 | 170000 | ശുചിത്വ മിഷൻ ഫണ്ടിന്റെ അഭാവത്തിൽ മഴക്കാലപൂർവ്വ ശുചീകരണം നടത്തുന്നതിനായി മെഡിക്കൽ ഓഫീസർക്ക് നൽകിയ തുക |

പ്രസ്തുത മുൻകൂർ തുകകൾ നാളിതുവരെ ക്രമീകരിക്കാതെ അവശേഷിക്കുന്നതിനും ക്രമീകരിക്കാൻ സ്വീകരിച്ച തുടർ നടപടികൾ സംബന്ധിച്ചും വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം. 42/20.12.23) മറുപടി ലഭ്യമാക്കിയിട്ടില്ല. മുൻകൂറുകൾ ക്രമീകരിച്ച് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

**1-27 പഞ്ചായത്ത് ഹെല്പ് ഡെസ്ക് - പ്രോജക്റ്റ് വിഭാവനം ചെയ്തതിൽ നിന്നും വിഭിന്നമായി നടപ്പിലാക്കി.**

**പ്രോജക്റ്റ് നം.198/23**

| ഫണ്ടിനം | അടങ്കൽ | ചെലവ് | ബിൽ നമ്പരും തീയതിയും |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 100000 | 89250 | 462/31.03.23 - 89250 |
| ബാങ്ക് ലോൺ | 200000 | 0 | - |
| ആകെ | 300000 | 89250 | |

പഞ്ചായത്തുകളുടെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമാക്കുന്നതിനും ജനോപകാരപ്രദമാക്കുന്നതിനും ഫ്രണ്ട് ഓഫീസ് സംവിധാനത്തെ സഹായിക്കാൻ കുടുംബശ്രീ മുഖേന ഒരു ഹെൽപ്പ് ഡെസ്ക് തുടങ്ങുന്നതിനുള്ള നിർദ്ദേശങ്ങൾ 06.02.2015 ലെ സർക്കുലർ നമ്പർ 55247/ ഐ.എ.1/ 14/ തസ്വഭവ പ്രകാരം പുറപ്പെടുവിച്ചിരുന്നു. കുടുംബശ്രീ 5 പേർ അടങ്ങുന്ന ഒരു മൈക്രോ സംരംഭം സ്ഥാപിക്കുകയും അവരുടെ പ്രവർത്തനങ്ങൾക്കാവശ്യമായ ബാങ്ക് വായ്പ സംഘടിപ്പിക്കുകയും ചെയ്യേണ്ടതാണ്. ഹെൽപ്പ് ഡെസ്ക് തുടങ്ങാൻ ആവശ്യമായ സ്ഥല സൗകര്യങ്ങൾ/ ഇലക്ട്രിസിറ്റി/ ശുദ്ധജലം എന്നിവ അതത് പഞ്ചായത്തുകൾ നൽകേണ്ടതും പരിശീലനം, ഉപകരണങ്ങളുടെ ചെലവ് എന്നിവ കുടുംബശ്രീ വഹിക്കേണ്ടതാണെന്നും സർക്കുലറിൽ നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ കുരോപ്പട

ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പഞ്ചായത്ത് ഹെൽപ് ഡെസ്ക് എന്ന പ്രോജക്ടിന് മേൽ പട്ടിക പ്രകാരം തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും പ്രോജക്ട് വിഭാവനം ചെയ്തതിൽ നിന്നും വ്യതിചലിച്ചതായും നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ലായെന്നും കാണുന്നു. അർഹതയുള്ള 1 കുടുംബശ്രീ യൂണിറ്റിന് പഞ്ചായത്ത് ഹെൽപ് ഡസ്ക് യൂണിറ്റ് തുടങ്ങുന്നതിനായി 100000 രൂപ അല്ലെങ്കിൽ പ്രോജക്ട് കോസ്റ്റിന്റെ 85% ഏതാണോ കുറവ് ആ തുക ധനസഹായമായി അനുവദിക്കുന്നതിനും പ്രോജക്ടിന്റെ നടത്തിപ്പിനാവശ്യമായ 200000 രൂപ ഗ്രൂപ്പ് ബാങ്ക് ലോണായി സംഘടിപ്പിക്കുകയും സബ്സിഡി തുക ഗ്രൂപ്പിന് ബാക്ക് എൻഡ് സബ്സിഡിയായി നൽകുന്ന രീതിയിലാണ് പ്രോജക്ട് (നം 198/23) ആവിഷ്കരിച്ചിട്ടുള്ളത്. എന്നാൽ ബാക്ക് എൻഡ് സബ്സിഡിയായി ബാങ്കിലേക്ക് തുക നൽകുന്നതിന് പകരം കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡിൽ നിന്നും ഡെസ്ക്ടോപ്പ് കമ്പ്യൂട്ടർ വാങ്ങിയതിന് 33250 രൂപയും (ഇൻവോയിസ് പ്രകാരം 49000 രൂപ) അവ്ലോൺ സിസ്റ്റംസ് ആന്റ് സർവ്വീസസിൽ നിന്നും ഫോട്ടോകോപ്പിയർ മെഷീൻ വാങ്ങിയതിന് 56000/- രൂപയും പ്രസ്തുത സ്ഥാപനങ്ങളുടെ അക്കൗണ്ടിലേക്ക് നൽകിയതായാണ് കാണുന്നത്. പദ്ധതി വിഭാവനം ചെയ്തതിൽ നിന്നും വ്യതിചലിച്ച് നടപ്പാക്കിയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം.06/ 17.12.23) ഒരു കുടുംബശ്രീയിൽ നിന്ന് മാത്രം കമ്പ്യൂട്ടർ പരിജ്ഞാനം ഉള്ളവരെ കിട്ടാത്ത സാഹചര്യത്തിൽ 3 കുടുംബശ്രീയിൽ നിന്നുള്ള 3 വ്യക്തികളെയാണ് നിലവിൽ ടി പ്രോജക്ടിനായി കുടുംബശ്രീ മുഖാന്തിരം തെരഞ്ഞെടുത്തിട്ടുള്ളതെന്നും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരായതിനാൽ പദ്ധതി പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിച്ചാൽ മാത്രമേ ലോൺ കണ്ടെത്താൻ സാധിക്കുകയുള്ളുവെന്നുമാണ് മറുപടി ലഭ്യമാക്കിയത്. പരിശീലനം, ഉപകരണങ്ങളുടെ ചെലവ് എന്നിവ കുടുംബശ്രീ വഹിക്കേണ്ടതാണെന്ന് സർക്കുലറിൽ നിർദ്ദേശിക്കുന്ന സാഹചര്യത്തിൽ പദ്ധതി തുക ചെലവഴിച്ച് ഉപകരണങ്ങൾ വാങ്ങി നൽകിയ നടപടി ക്രമപ്രകാരമല്ല. കൂടാതെ ഫ്രണ്ടോഫീസിനു വെളിയിലായി പ്രവർത്തിക്കാനാവശ്യമായ സ്ഥലം, വൈദ്യുതി കണക്ഷൻ, നെറ്റ് കണക്ഷൻ എന്നീ അടിസ്ഥാനസൗകര്യങ്ങൾ തയ്യാറാക്കുന്നതിൽ കാലതാമസം നേരിട്ടതിനാൽ ഓഡിറ്റ് വേളയിലും ഹെൽപ് ഡെസ്ക് പ്രവർത്തനമാരംഭിച്ചിട്ടില്ല. ഹെൽപ്പ് ഡെസ്ക് പൂർണ്ണമായും പ്രവർത്തനക്ഷമമാക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കുന്നതുവരെ 89250/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-28 സ്ട്രീറ്റ് ലൈൻ വലിക്കൽ - വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്.**

കുരോപ്പട ഗ്രാമപഞ്ചായത്തിലെ 8,9 വാർഡുകളിലെ സ്ട്രീറ്റ് ലൈൻ വലിക്കുന്നതിനായി മുൻ വർഷങ്ങളിൽ 94872/- രൂപ ഒടുക്കിയിട്ടുണ്ടായിരുന്നെന്നും എസ്റ്റിമേറ്റ് പ്രകാരം 101244/- രൂപ ഒടുക്കേണ്ടതായിരുന്നെങ്കിലും 6372/- രൂപ കുറവായാണ് ഒടുക്കിയിട്ടുള്ളതെന്നും ടി തുക ഒടുക്കണമെന്നാവശ്യപ്പെട്ട് പള്ളിക്കത്തോട് ഇലക്ട്രിക്കൽ സെക്ഷൻ അസിസ്റ്റന്റ് എൻജിനീയർ 25.04.22 ൽ നൽകിയ കത്ത് പ്രകാരം ചെക്ക് നം.59160/21.05.22 ആയി 6372/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ എസ്റ്റിമേറ്റിന്റെ വിവരങ്ങൾ വൗച്ചറോടൊപ്പം സൂക്ഷിച്ചിട്ടില്ല. എസ്റ്റിമേറ്റും പണി പൂർത്തീകരിച്ചതിന്റെ വിവരങ്ങളും ടി തുകയുടെ വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം. 26/18.12.23) മറുപടി ലഭ്യമാക്കിയിട്ടില്ല. പണി പൂർത്തീകരിച്ചതിന്റെ വിവരങ്ങളും ടി തുകകളുടെ വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്. വിനിയോഗ വിവരത്തിന്റെ അഭാവത്തിൽ 6372 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-29 കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ജീവനക്കാരുടെ സേവന രേഖകൾ പരിപാലിക്കുന്നില്ല.**

ഗ്രാമപഞ്ചായത്തിൽ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ടെക്നിക്കൽ അസിസ്റ്റന്റ്, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ അക്രഡിറ്റഡ് എഞ്ചിനീയർ, അക്രഡിറ്റഡ് ഓവർസിയർ, എന്നിവർക്ക് തൻവർഷം ആർജിതാവധി അനുവദിച്ചിട്ടുണ്ട്. ടെക്നിക്കൽ അസിസ്റ്റന്റിന് (തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 05.01.2018 ലെ ഐബി1/344/2016-തസ്വഭവ നമ്പർ കത്ത് പ്രകാരം

30 ആർജിതാവധി ഒരു വർഷം സറണ്ടർ ചെയ്യാം) 15 ആർജിതാവധിയും, അക്രഡിറ്റഡ് എൻജിനീയർ / ഓവർസിയർ, ഡേറ്റാ എൻട്രി ഓപ്പറേറ്റർ എന്നിവർക്ക് 18.05.2011 ലെ 18805/മഹാത്മാ ഗാന്ധി എൻ ആർ ഇ ജി എസ് സെൽ 01/10/സി ആർ ഡി സർക്കുലറിന്റെയടിസ്ഥാനത്തിൽ 15 ആർജിതാവധിയുമാണ് സറണ്ടർ ചെയ്യുവാൻ അനുവദിച്ചിട്ടുള്ളത്. കുരോപ്പട ഗ്രാമപഞ്ചായത്തിലെ ടി തസ്തികയിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ സേവനപുസ്തകം തയ്യാറാക്കി സൂക്ഷിക്കുന്നില്ലായെന്ന് കാണുന്നു. 2022- 23 സാമ്പത്തിക വർഷത്തിൽ ടി ജീവനക്കാരുടെ ആർജിതാവധി സറണ്ടർ ചെയ്ത് തുക നൽകിയിട്ടുണ്ട്. ഡ്യൂട്ടി കാലയളവ് കൃത്യമായി പരിശോധിച്ച് ആർജിച്ച അവധിയും സറണ്ടർ ചെയ്ത ആർജിത അവധിയും സംബന്ധിച്ച ലീവ് അക്കൗണ്ട് സേവനപുസ്തകത്തിൽ രേഖപ്പെടുത്തി സൂക്ഷിക്കാതെ എപ്രകാരമാണ് തുക അനുവദിച്ചതെന്ന് വ്യക്തമല്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം.31/ 19.12.23) സേവനപുസ്തകം തയ്യാറാക്കി നാളിതുവരെയുള്ള ആർജ്ജിതാവധി വിവരങ്ങൾ രേഖപ്പെടുത്തുന്നതാണെന്ന് മറുപടി ലഭ്യമാക്കി. കരാറടിസ്ഥാനത്തിലുള്ള എല്ലാ ജീവനക്കാരുടെയും സേവനപുസ്തകം പരിപാലിക്കേണ്ടതും ഡ്യൂട്ടി കാലയളവ് കൃത്യമായി പരിശോധിച്ച് ആർജിച്ച അവധിയും സറണ്ടർ ചെയ്ത ആർജിത അവധിയും ഉൾപ്പെടെയുള്ള ലീവ് അക്കൗണ്ട് സേവനപുസ്തകത്തിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

**1-30 തെരുവുവിളക്കുകളുടെ പരിപാലനം - ചെലവു വിശദാംശങ്ങൾ ലഭ്യമാക്കിയില്ല**

| പ്രോജക്ടിന്റെ പേര് /നമ്പർ | ആകെ ചെലവ് തുക |
|---|---|
| 17/23 തെരുവുവിളക്കുകളുടെ പരിപാലനം | 34160 തനത് ഫണ്ട് |
| ബിൽ നമ്പർ | 25/10.06.22 |

ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പ്രോജക്ട് പ്രകാരം 34160/- രൂപ തനത് ഫണ്ടിൽ നിന്നും പിൻവലിച്ച് ജയൻ എസ് എന്ന വ്യക്തിയുടെ 0324053000047488 എന്ന അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ട്. പ്രോജക്ട് ഫയലുകളും അനുബന്ധ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല .ചെലവിനെ സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാനാവശ്യപ്പെട്ടു അന്വേഷണക്കുറിപ്പ് (18/18.12.23) നൽകിയെങ്കിലും രേഖകൾ ലഭ്യമാക്കിയില്ല. ചെലവുരേഖകളുടെ അഭാവത്തിൽ 34160 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-31 വിവിധ വാർഡുകളിൽ മിനിമാസ്റ്റ് സ്ഥാപിക്കൽ- ഇൻസ്റ്റലേഷൻ വിവരം ലഭ്യമല്ല**

| പ്രോജക്ട് | 20/22, 10 11 വാർഡുകളിൽ മിനിമാസ്റ്റ് സ്ഥാപിക്കൽ( എസ് സി) | 21/23, 13 16വാർഡുകകളിൽ മിനിമാസ്റ്റ് സ്ഥാപിക്കൽ (ജനറൽ) |
|---|---|---|
| ചെലവ് | 300000 | 150500 |
| ബിൽ നമ്പർ | 30/24.11.22 | 114/23.11.23 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി | സെക്രട്ടറി |

വിവിധ വാർഡുകളിൽ 8 M POLE 3X 150W OCTAGONAL LED MINIMAST FLOOD LIGHT സ്ഥാപിക്കുന്നതിന് രണ്ടു പ്രോജക്ടുകൾ പ്രകാരം യുണൈറ്റഡ് ഇലക്ട്രിക്കൽസ് പള്ളിമുക്ക് കൊല്ലം എന്ന സ്ഥാപനത്തിന് തുക നൽകിയിട്ടുണ്ട്. സ്ഥാപനം ലൈറ്റുകൾ സപ്ലൈ ചെയ്തതിന്റെ ബില്ലുകൾ ഫയലിൽ ലഭ്യമാണ്. എന്നാൽ ലൈറ്റുകൾ സ്ഥാപിച്ചതിന്റെ റിപ്പോർട്ട് ലഭ്യമല്ല. ആയത് ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് (17/18.12.23) ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയെങ്കിലും ഇൻസ്റ്റലേഷൻ റിപ്പോർട്ട് ഹാജരാക്കിയില്ല. നിശ്ചിത സ്പെസിഫിക്കേഷൻ പ്രകാരമുള്ള ലൈറ്റുകൾ

തന്നെയാണ് സപ്ലൈ ചെയ്തതെന്നുള്ള ഇൻസ്റ്റലേഷൻ റിപ്പോർട്ട് വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം, മോണിട്ടറിംഗ് സമിതി റിപ്പോർട്ട് എന്നിവ ഹാജരാക്കേണ്ടതാണ്.

**ബില്ലുകളിൽ നിന്നും ജി എസ് റ്റി കുറവ് ചെയ്തിട്ടില്ല**

20/23 നമ്പർ പ്രോജക്ടിന്റെ കരാർ തുക 2.5 ലക്ഷത്തിന് മുകളിലുള്ളതായതിനാൽ ടി വാങ്ങലുകൾക്ക് 2% തുക ജിഎസ്റ്റി ടിഡിഎസ് ഈടാക്കേണ്ടിയിരുന്നു. എന്നാൽ ബിൽ തുക നൽകിയപ്പോൾ സ്രോതസ്സിൽ ടിഡിഎസ് ആയി കിഴിവ് ചെയ്യേണ്ട ജിഎസ് ടി 2% തുക ഈടാക്കിയിരുന്നില്ല. ജി എസ് റ്റി ടി ഡി എസായി ഈടാക്കാത്തതിനാൽ റിട്ടേൺ ഫയൽ ചെയ്ത റിപ്പോർട്ട് സ്ഥാപനത്തിൽ നിന്നും ഹാജരാക്കുന്നതാണെന്നറിയിച്ചു. അപാകതൾ പരിഹരിക്കുന്നത് വരെ 450500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-32 മെൻസ്ട്രൽ കപ്പ് വിതരണം - പൂർണ്ണമായും വിതരണം ചെയ്തിട്ടില്ല**

| | |
|---|---|
| പ്രോജക്ട് നം. | 210/23, വനിതകൾക്ക് മെൻസ്ട്രൽ കപ്പ് വിതരണം |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (പി എച്ച് സി ) |
| അടങ്കൽ | 165000/-വികസനഫണ്ട് |
| ചെലവ് | 165000 |
| ബിൽ നം. | 238/08.02.23 |

മേൽ പ്രോജക്ട് പ്രകാരം 165000/-രൂപ ചെലവഴിച്ച് 550 മെൻസ്ട്രൽ എച്ച് എൽ എൽ കെയർ ലിമിറ്റഡ്, പൂജപ്പുര, തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. സ്റ്റോക്ക്, വിതരണവിവരങ്ങൾ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് (20/18.12.23) 452 എണ്ണത്തിന്റെ വിതരണരേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കി. അവശേഷിക്കുന്ന 98 എണ്ണം വിതരണം ചെയ്യാൻ നടപടി സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

**1-33 ഗുണഭോക്താക്കളെ ഗ്രാമസഭ തെരെഞ്ഞെടുക്കുന്നില്ല**

മെഡിക്കൽ ഓഫീസർ പി എച്ച് സി നടപ്പാക്കിയ താഴെപറയുന്ന പ്രോജക്ട് പ്രകാരം വിവിധ ഉപകരണങ്ങൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. പ്രോജക്ടിന്റെ ഗുണഭോക്തക്കളുടെ വിവരങ്ങൾ വ്യക്തിഗത ആനുകൂല്യം അനുവദിക്കുന്നതിനുള്ള പ്രോജക്ടുകൾക്ക് വേണ്ടി ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയ അച്ചടിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടില്ല.

| പ്രോജക്ട് | ചെലവ് |
|---|---|
| 229/23 ഓൾഡ് ഈസ് ഗോൾഡ് വയോജനങ്ങൾക്ക് സഹായ ഉപകരണങ്ങൾ വാങ്ങൽ | 100000 (ചെക്ക് നമ്പർ 5338302/28.03.23) |

ഗ്രാമസഭകളുടെ മിനിറ്റ്സ് ബുക്ക് പരിശോധിച്ചതിൽ ടി പ്രോജക്ടിന്റെ ഗുണഭോക്താക്കളെ ഗ്രാമസഭ തെരഞ്ഞെടുത്തതായി കാണുന്നില്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 3 എസി പ്രകാരം ഗുണഭോക്താക്കളെ ലക്ഷ്യമാക്കിയുള്ള പദ്ധതികളെ സംബന്ധിച്ച് നിശ്ചയിക്കപ്പെട്ടിട്ടുള്ള മാനദണ്ഡമനുസരിച്ച് മുൻഗണനാക്രമത്തിൽ അർഹരായ ഗുണഭോക്താക്കളുടെ ലിസ്റ്റ് അന്തിമമായി തയ്യാറാക്കി ഗ്രാമപഞ്ചായത്തിന് നൽകുക എന്നത് ഗ്രാമസഭയുടെ അധികാരമാണ്. ഗ്രാമസഭ തെരഞ്ഞെടുക്കാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകാനിടയായ സാഹചര്യം വ്യക്തമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് (43/20.12.23) മറുപടി ലഭ്യമാക്കിയില്ല. ഗ്രാമസഭ തെരഞ്ഞെടുക്കാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയ നടപടി

ക്രമപ്രകാരമല്ല. വിശദീകരണം ലഭ്യമാക്കാത്ത സാഹചര്യത്തിൽ 100000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-34 നിക്ഷേപപ്രവൃത്തികൾ- പൂർത്തീകരണവിവരം ഇല്ല**

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

2022-23സാമ്പത്തിക വർഷത്തിൽ താഴെ പറയുന്ന പ്രോജക്ടുകൾ പ്രകാരം വിവിധ പ്രവൃത്തികളുടെ നിർവ്വഹണത്തിനായി കേരള ഇലക്ട്രിസിറ്റി ബോർഡ് ഗ്രൗണ്ട് വാട്ടർ അതോറിറ്റി എന്നീ സ്ഥാപനങ്ങളിൽ തുകകൾ നിക്ഷേപിച്ചിട്ടുണ്ട്.

| പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | നിർവ്വഹണ ഏജൻസി | ചെലവ് , ഫണ്ടിനം | ബിൽ നമ്പർ/തീയതി |
|---|---|---|---|---|
| 223/23 | 100 നികുതി പിരിവ് പൂർത്തീകരിച്ച 245810121617വാർഡുകളിലേക്ക് സ്ട്രീറ്റ് മെയിൻ വലിക്കൽ | കെ എസ് ഇ ബി, കുരോപ്പട | 24018തനത് ഫണ്ട് | 146/14.12.22 |
| 130/23 | വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | കെ എസ് ഇ ബി, കുരോപ്പട | 324020 തനത് ഫണ്ട് | 410/28.03.23 |
| 224/23 | പങ്ങട എൽ പി സ്കൂളിൽ കുഴൽ കിണർ | ഭൂജല വകുപ്പ് കോട്ടയം | 56174 വികസനഫണ്ട് (പൊതു വിഭാഗം) | 303/14.03.23 |
| ആകെ | | | 404212 | |

നിർവ്വഹണ ഏജൻസികൾ തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലാണ് തുക കൈമാറിയിട്ടുള്ളത് എന്നാൽ പൂർത്തീകരണ കാലയളവ് രേഖപ്പെടുത്തി ഏജൻസികളുമായി കരാറിലേർപ്പെട്ടിട്ടില്ല. പ്രവൃത്തി നാളിതുവരെ പൂർത്തികരിച്ചതായി കാണുന്നില്ല. പ്രവൃത്തികൾ പൂർത്തീകരിച്ച വിവരവും ധനവിനിയോഗ രേഖകളും നാളിതുവരെ ലഭിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ അന്വേഷണക്കുറിപ്പിന് (14/18.12.22) പൂർത്തീകരണവിവരങ്ങൾ ലഭ്യമാക്കി അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. നടപടികൾ സ്വീകരിച്ച് പദ്ധതികളുടെ പൂർത്തീകരണ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. പദ്ധതിയുടെ കൃത്യമായ പൂർത്തീകരണവിവരവും തുകയുടെ വിനിയോഗ വിവരവും ലഭ്യമായിട്ടില്ലാത്തതിനാൽ 404212/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-35 ഐ കെ എം വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല**

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ഐ കെ എം വിഹിതം അടവാക്കൽ എന്ന പ്രോജക്ടിനായി ഗ്രാമപഞ്ചായത്ത് വിഹിതമായി 65816/- രൂപ (പ്രൊജക്റ്റ് നമ്പർ96/23,ബിൽ നമ്പർ 66/24.09.22) ഐ കെ എം, തിരുവനന്തപുരം - 57047023512 ന്റെ പേരിൽ നൽകിയിട്ടുണ്ട് തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട നൽകിയ അന്വേഷണക്കുറിപ്പിന് (15/18.12.23) മറുപടി ലഭ്യമാക്കിയില്ല. ടി സാഹചര്യത്തിൽ 65816/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-36 ടാർവീപ്പകളുടെ വില – നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് അടവാക്കിയിട്ടില്ല**

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ റോഡ് ടാറിംഗ് പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ കാലിബാരൽവില ഉൾപ്പെടെയുള്ള തുക ട്രഷറിയിൽനിന്നും പിൻവലിച്ചിട്ടുണ്ടെങ്കിലും ആയത് നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് തിരിച്ചടയ്ക്കാതെ പഞ്ചായത്തിന്റെ തനതുഫണ്ടിലേക്ക് ട്രാൻസ്ഫർ

ക്രെഡിറ്റ് ചെയ്തിട്ടുള്ളതായി കാണുന്നു.

തദ്ദേശ സ്വയംഭരണവകുപ്പിന്റെ 30.10.17-ലെ 59827/എഫ്.എം/07 നമ്പർ സർക്കുലർ പ്രകാരം ടാറിംഗ് പ്രവൃത്തികളിൽ ഉപയോഗിക്കുന്ന കാലിവീപ്പകളുടെ വില ഏത് ഫണ്ടിൽനിന്നാണോ ടാർ വാങ്ങിയത് അഥവാ ഏത് ഫണ്ട് വിനിയോഗിച്ചാണോ പ്രവൃത്തി നടത്തിയത് അതേ ഫണ്ടിലേക്ക്, ധനകാര്യവകുപ്പിന്റെ 12.4.06-ലെ ജി.ഒ.(പി)177/06 നമ്പർ ഉത്തരവിലെ ഖണ്ഡിക 10.3 പാലിച്ച് തിരിച്ചടയ്ക്കേണ്ടതാണ്.

ആയതിനാൽ ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവ് ചെയ്ത കാലിവീപ്പകളുടെ വില തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് ക്രമപ്രകാരമല്ല. അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് (നം.34/19.12.23) ലഭ്യമാക്കിയ മറുപടിയിൽ തുക തിരികെ അടവാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് നിർവ്വഹണോദ്യോഗസ്ഥ മറുപടി ലഭ്യമാക്കി. സർക്കാർ നിർദ്ദേശാനുസരണം തുക തിരികെ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-37 നടേപീടിക ജംഗ്ഷനിൽ ഉള്ള വെയിറ്റിങ്ങ് ഷെഡ് പുനരുദ്ധാരണം- അപാകതകൾ

| | |
|---|---|
| പ്രോജക്ട് | 40/23 |
| അടങ്കൽ | 150000 തനത് ഫണ്ട് |
| ചെലവ് | 112387<br>ബിൽ നമ്പർ21/23.05.23 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനയർ |
| കരാർ | 113/AE/ LSGD/KPDA/18-19<br>28/03/19 |

നടേപീടിക ജംഗ്ഷനിൽ ഉള്ള വെയിറ്റിങ്ങ് ഷെഡ് പുനരുദ്ധാരണിന് 2018-19 വർഷം തയ്യാറാക്കിയ മേൽ പ്രോജക്ട് പ്രകാരം (267/19) 2022-23വർഷം 112387 രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ടി പ്രോജക്ടിന് രണ്ട് കരാറുകാർ ടെണ്ടർ സമർപ്പിച്ചതായി 2018-19 വർഷത്തെ ടെണ്ടർ രജിസ്റ്റർ പേജ് 27ൽ രേഖപ്പെടുത്തിയിട്ടുണ്ട്. ജോഷി സക്കറിയാ എന്ന കരാറുകാരൻ എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 5.1% കുറവും, ജയൻ മോഹനൻ എന്ന കരാറുകാരൻ 6.5% കുറവും, ആയിരുന്നു രേഖപ്പെടുത്തിയിരുന്നത്. എന്നാൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ജയൻ മോഹനൻ എന്ന കരാറുകാരനു പകരം ജോഷി സക്കറിയാ എന്ന കരാറുകാരനെയാണ് പ്രവൃത്തിയുടെ നിർവ്വഹണം ഏൽപ്പിച്ചത്. ജയൻ മോഹനൻ എന്ന കരാറുകാരന്റെ ടെണ്ടർ ഫയലിൽ ഇല്ല

2. എസ്റ്റിമേറ്റിൽ നിന്ന് വ്യതിചലിച്ച് നാല് അധിക ഇനങ്ങള് നിർവ്വഹണം നടത്തിയിട്ടുള്ളതായി അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങിയതായി കാണുന്നില്ല.

| ഇനം | അളവ് | നിരക്ക് | തുക |
|---|---|---|---|
| E1 Earth Work Excavation..... | 0.144m3 | 239.82/m3 | 34.53 |
| E2. Providing And Laying.... | 1.026m3 | 7900.59/m3 | 8106 |
| E3. Providing And Fixing.... | 27.04 | 630.2/m2 | 17040.6 |
| E4. Providing And Fixing Stainless... | 62.52kg | 680.82/kg | 42564 |

3. കരാറുകാരൻ ചെയ്ത എല്ലാ പ്രവൃത്തിയുടെയും ആകെ മൂല്യം 149849/-രൂപയായി അളവ് പുസ്തകത്തിൽ

(72/2018-19) രേഖപ്പെടുത്തി ആയതിന്റെ 75% മായ 112387രൂപയുടെ ബിൽ തയ്യാറാക്കി നിയമാനുസൃത കുറവുകൾ വരുത്തി 107891രൂപ കരാറുകാരന്റെ അക്കൗണ്ടിൽ നൽകിയിട്ടുണ്ട്. അളവു പുസ്തകം പേജ് 43ൽ 39163 രൂപയുടെ മൂല്യം മാത്രമാണ് പാമ്പാടി ബ്ലോക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ അഡ്മിറ്റ് ചെയ്തതും ആയതിന്റെ 70% 27414/-രൂപ ലിമിറ്റ് ചെയ്ത് നൽകാനും രേഖപ്പെടുത്തിയിട്ടുണ്ട്. അധിക ഇനങ്ങൾക്ക് നൽകിയ തുക അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ പാസ്സാക്കിയിട്ടില്ല എന്ന് കാണുന്നു. എന്നാൽ ആയത് പരിഗണിക്കാതെയാണ് 112387/- രൂപയുടെ ബിൽ നൽകിയത്. കൂടാതെ ടി പ്രവർത്തിയുടെ കരാർ ഏറ്റെടുത്തത് എസ്റ്റിമേറ്റ് നിരക്കിലും 5.1% കുറവായാണ്. എന്നാൽ ബിൽ തയ്യാറാക്കിയപ്പോൾ ടെൻഡർ കുറവ് ചെയ്തിട്ടില്ല .

4. മേൽ പ്രോജക്ടിന്റെ സാങ്കേതികാനുമതി രേഖകളിലും, കരാറിലും പൂർത്തീകരണ തീയതി രേഖപ്പെടുത്തിയിട്ടില്ല. 2018-19വർഷം തയ്യാറാക്കിയ പ്രോജക്ട് പൂർത്തിയാക്കുന്നതിൽ വരുത്തിയ കാലതാമസത്തിന്റെ കാരണം വ്യക്തമല്ല

അപാകതകൾക്ക് രേഖാമൂലം വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന്(11/17.12.23) റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ടെന്നും എന്നാൽ ആയത് പാസ്സാക്കുന്നതിന് സമയക്കുറവ് വന്നതിനാലാണ് വർക്ക്ബില്ലിന്റെ 75%ത്തിൽ പരിമിതപ്പെടുത്തി തുക നൽകിയതെന്നും ടെണ്ടർ കുറവ് ചെയ്യാൻ വിട്ടുപോയതാണെന്നും മറുപടി ലഭ്യമാക്കി. പുതുക്കിയ എസ്റ്റിമേറ്റിന് അംഗീകാരം വാങ്ങാതെ തുക ചെലവഴിച്ച നടപടി ക്രമപ്രകാരമല്ല. ടി നടപടിക്ക് സാധൂകരണം വാങ്ങേണ്ടതാണ്. അപാകതകൾ പരിഹരിക്കുന്നത് വരെ 112387 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

**1-38 അധിക ഇനങ്ങൾക്ക് പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയില്ല**

| | |
|---|---|
| പ്രോജക്ട് | 37/23 ആശുപത്രികളിലും സ്കൂളുകളിലും ടോയ് ലെറ്റ് സംവിധാനം ഒരുക്കൽ |
| അടങ്കൽ | 860000<br>(510000 വികസനഫണ്ട്<br>350000തനത് ഫണ്ട്) |
| ചെലവ് | 510000 വികസനഫണ്ട് |
| കരാർ | 104/AE/lsgd/KPDA/18-19 06.03.19 |
| ബിൽ നമ്പർ | 2/30.04.22 |
| കരാറുകാരൻ | ജോഷി സക്കറിയാസ് |
| അളവു പുസ്തകങ്ങൾ | 74/2018-19,75/2018-19 |

ഗ്രാമപഞ്ചായത്തിലെ വിവിധ സ്കൂളുകളിലും ആശുപത്രികളിലും ടോയ് ലെറ്റ് സംവിധാനം ഒരുക്കുന്നതിന് 2017-18 വർഷം തയ്യാറാക്കിയ ടി പ്രോജക്ട് ടെണ്ടർ നടപടികളിലൂടെ ജോഷി സക്കറിയാസ് എന്ന കരാറുകാരനെ കരാർ ഏൽപ്പിച്ചു. പ്രവൃത്തി പൂർത്തീകരിക്കാഞ്ഞതിനെ തുടർന്ന് ടി വർഷം പ്രോജക്ട് സ്പിൽ ഓവറായി ഉൾപ്പെടുത്തിയിരുന്നു. പ്രോജക്ട് ഫയൽ അളവു പുസ്തകം എന്നിവ പരിശോധിച്ചതിൽ കണ്ട അപാകത ചുവടെ ചേർക്കുന്നു

1. കരാറുകാരൻ എസ്റ്റിമേറ്റിലുൾപ്പെട്ട ഇനങ്ങൾക്ക് പുറമേ എസ്റ്റിമേറ്റിൽ ഇല്ലാത്ത 21 എക്സ്ട്രാ ഇനങ്ങൾ നിർവ്വഹിച്ചതായി അളവു പുസ്തത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട് (അളവ് പുസ്തകം 74/2018-19പേജ് 35 മുതൽ 75വരെ ) ചെയ്ത പ്രവൃത്തിയുടെ മൂല്യം 826637 രൂപയായി അളവ് പുസ്തകത്തിൽ (75/2018-19) രേഖപ്പെടുത്തി ആയതിന്റെ 75% മായ 619978 രൂപയുടെ ബിൽ തയ്യാറാക്കി 510000 രൂപ കരാറുകാരന്റെ അക്കൗണ്ടിൽ നൽകിയിട്ടുണ്ട്.

2. എസ്റ്റിമേറ്റിൽ ഇല്ലാത്ത ഇനങ്ങൾക്ക് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങിയില്ല ആയതിനാൽ അളവു പുസ്തകം 75/2018-19 പേജ് 3 ൽ 377341 രൂപയുടെ മൂല്യം മാത്രമാണ് പാമ്പാടി ബ്ലോക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ അഡ്മിറ്റ് ചെയ്തതും ആയതിന്റെ 70% 264139 രൂപ ലിമിറ്റ് ചെയ്ത് നൽകാനും രേഖപ്പെടുത്തിയിട്ടുള്ളത്. അധിക ഇനങ്ങൾക്ക് നൽകിയ തുക അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ പാസ്സാക്കിയിട്ടില്ല എന്ന് കാണുന്നു. എന്നാൽ ആയത് പരിഗണിക്കാതെയാണ് 510000 രൂപ കരാറുകാരൻ നൽകിയത്. മേൽ പ്രോജക്റ്റിന്റെ സാങ്കേതികാനുമതി രേഖകളിലും, കരാറിലും പൂർത്തീകരണ തീയതി രേഖപ്പെടുത്തിയിട്ടില്ല. 2017-18 വർഷം തയ്യാറാക്കിയ പ്രോജക്റ്റ് പൂർത്തിയാക്കുന്നതിൽ വരുത്തിയ കാലതാമസത്തിന്റെ കാരണം വ്യക്തമല്ല.

അപാകതകൾക്ക് രേഖാമൂലം വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട നൽകിയ അന്വേഷണക്കുറിപ്പിന് (36/19.12.23) പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനപ്രകാരമാണ് എസ്റ്റിമേറ്റ് റിവൈസ് ചെയ്തതെന്നും റിവൈസ്ഡ് എസ്റ്റിമേറ്റും അനുബന്ധരേഖകളും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർക്ക് സമർപ്പിച്ചിരുന്നതാണെന്നും ആയത് പാസ്സാക്കുന്നതിലുള്ള സമയക്കുറവ് മൂലമാണ് ബിൽ തുകയുടെ 75% കരാറുകാരന് നൽകിയതെന്നും മറുപടി ലഭ്യമാക്കി. റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകാരം ലഭിക്കാതെ ടി ഇനങ്ങൾക്ക് തുക നൽകിയ നടപടിക്ക് സാധൂകരണം വാങ്ങേണ്ടതാണ്. അപാകതകളുടെ അടിസ്ഥാനത്തിൽ 510000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-39 സാങ്കേതികാനുമതി ലഭിക്കാത്ത പ്രോജക്ടുകൾ നടപ്പാക്കി

2020-21 വർഷം പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന 6 മരാമത്ത് പ്രവൃത്തികൾ സാങ്കേതികാനുമതി കൂടാതെയും 4 പ്രവൃത്തികൾ വെറ്റിങ്ങ് ലഭിക്കാതെയും ടെണ്ടർ ചെയ്യുകയും നിർവ്വഹണം നടത്തുകയും ചെയ്തിരുന്നു. പൂർത്തീകരിച്ച പ്രവൃത്തികൾ തുക നൽകുന്നതിനായി "പൂർത്തീകരിച്ച പ്രവൃത്തികൾ തുക നൽകൽ " എന്ന രീതിയിൽ 2022-23 വർഷം പ്രോജക്ടുകൾ തയ്യാറാക്കി തനത് ഫണ്ടിൽ നിന്നും തുക നൽകുന്നതിന് കോർഡിനേഷൻ കമ്മിറ്റിയുടെ അനുമതി ആവശ്യപ്പെട്ടു. 2/06/22 ലെ കോർഡിനേഷൻ കമ്മറ്റി വെറ്റിംഗ് ലഭിച്ച പ്രവൃത്തികൾക്ക് ബിൽതുക നൽകാൻ അനുമതി നൽകുകയും സാങ്കേതികാനുമതി കൂടാതെ മരാമത്ത് പ്രവൃത്തികൾ നിർവ്വഹിച്ചത് നിർവ്വഹണോദ്യോഗസ്ഥന്റെ വീഴ്ചയായതിനാൽ ടി പ്രവൃത്തികൾക്ക് സാധൂകരണം നൽകിയില്ല. നിർവ്വഹണോദ്യോഗസ്ഥന്റെ വീഴ്ചയിൽ തുടർ നടപടി സ്വീകരിക്കാൻ ഭരണവകുപ്പ് ചീഫ് എഞ്ചിനിയറെ ചുമതലപ്പെടുത്തിയിരുന്നു. പ്രസ്തുത വിഷയത്തിന്റെ നിലവിലെ അവസ്ഥ യും ടി വിഷയത്തിൽ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളും അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ട നൽകിയ അന്വേഷണക്കുറിപ്പിന് (23/18.12.23) വെറ്റിങ്ങ് ലഭിച്ച നാല്യ പ്രോജക്ടുകളിൽ രണ്ടെണ്ണത്തിന് കോർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം തുക നൽകിയിട്ടുണ്ടെന്നും ബാക്കിയുള്ളതിൽ ആവശ്യം വേണ്ട രേഖകൾ ഇല്ലാത്തതിനാൽ ബിൽ മാറാൻ സാധിച്ചില്ലെന്നും അറിയിച്ചു. സാങ്കേതികാനുമതി ലഭിക്കുന്നതിന് മുമ്പ് പ്രവൃത്തി നടപ്പാക്കിയത് ശരിയായ നടപടിയല്ല മരാമത്ത് ചട്ടങ്ങൾ പ്രകാരം ആവശ്യമായ നടപടിക്രമങ്ങൾ പാലിച്ച് നിർവ്വഹണം നടത്താൻ നിർവ്വഹണോദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്. വികസനകാര്യസ്റ്റാന്റിങ്ങ് കമ്മിറ്റിയും ഭരണസമിതിയും ആവശ്യമായ ഇടപെടലുകൾ നടത്തേണ്ടതും അപാകത ആവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-40 ആസ്തിരജിസ്റ്റർ ഡിജിറ്റൈസേഷൻ- പൂർത്തീകരണവിവരങ്ങൾ ലഭ്യമല്ല

| | |
|---|---|
| പ്രോജക്ട് | 128/23 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനിയർ |
| അടങ്കൽ | 60000 വികസനഫണ്ട് ഫണ്ട് പൊതുവിഭാഗം |
| ചെലവ് | 51000, ബിൽ നമ്പർ 429/28.03.23 |

സർക്കാർ ഉത്തരവ് (കൈ)നം. 84/22ത.സ്വ.ഭ.വ തീയതി:19/04/2022 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗരേഖ ഖണ്ഡിക 8.14 നിർദ്ദേശിക്കും പ്രകാരം ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്ന് നിഷ്കർഷിക്കുന്നു. റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതിന് തൻ വർഷം തയ്യാറാക്കിയ മേൽ പ്രോജക്റ്റ് പ്രകാരം വിവിധ വാർഡുകളിലെ മാപ്പിങ്ങ് നടത്തിയതിന് ജിബിൻ മാർക്കോസ് എന്ന വ്യക്തിക്ക് 51000 രൂപ നൽകിയിട്ടുണ്ട്. മേൽ പ്രോജക്റ്റ് പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് (33/19.12.23) ഡാറ്റ എൻട്രി പൂർത്തിയായി പ്രോജക്ടിന്റെ വേരിഫിക്കേഷൻ നടക്കുന്നുവെന്ന് മറുപടി ലഭ്യമാക്കി. പ്രോജക്റ്റ് പൂർത്തികരിച്ച് ലക്ഷ്യം കൈവരിച്ചിട്ടില്ലാത്തതിനാൽ 51000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

## 1-41 ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങൾ - പദ്ധതി നടപ്പിലാക്കിയില്ല

സ.ഉ. (കൈ) 39/2020/ത.സ്വ.ഭ.വ, തീയതി. 20/02/2020, സ.ഉ. (കൈ) 45/ 2020/ത.സ്വ.ഭ.വ, തീയതി, 06/03/2020 എന്നീ ഉത്തരവുകൾ പ്രകാരം കേരള സർക്കാറിന്റെ 12 ഇന പരിപാടിയിൽ ഉൾപ്പെട്ട ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനായി 2020-21 വർഷത്തിൽ എല്ലാ ഗ്രാമ പഞ്ചായത്തുകളും നിർബന്ധമായും പദ്ധതികൾ നടപ്പിലാക്കാൻ നിർദ്ദേശമുണ്ട്. റോഡ് മാർഗ്ഗം യാത്ര ചെയ്യുന്നവർക്കായി തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ സൗകര്യങ്ങളോടു കൂടിയ പൊതു ശുചിമുറികൾ സ്ഥാപിക്കുക (വഴിയിട വിശ്രമകേന്ദ്രം) എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ടേക്ക് എ ബ്രേക്ക് പദ്ധതി നടപ്പിലാക്കുന്നതിനായി ഗ്രാമ പഞ്ചായത്ത് 2020-21 വർഷം 2000000 രൂപ അടങ്കലിൽ പ്രോജക്റ്റ് തയ്യാറാക്കിയിരുന്നു ഈ പ്രോജക്റ്റ് ആന്റണി ലിയോൺസ് എന്ന കരാറുകാരനാണ് ഏറ്റെടുത്തത് . പ്രോജക്റ്റ് സ്പിൽ ഓവറായി 2022-23വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തിയെങ്കിലും നടപ്പാക്കാൻ ഗ്രാമ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് (35/19.12.2023) കെട്ടിടം നിർമ്മിക്കാൻ കണ്ടെത്തിയ എൻ എച്ചിന് സമീപമുള്ള സ്ഥലം പി ഡബ്ല്യു ഡി യുടെ ഉടമസ്ഥതയിലുള്ളതാണെന്നും ആയത് വിട്ടുനൽകുന്നതിനുള്ള രേഖകൾ വകുപ്പിന് സമർപ്പിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് അധികാരികൾ അറിയിച്ചതിനെ തുടർന്നാണ് കെട്ടിടം നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി കരാർ നൽകിയതെന്നും എന്നാൽ കണ്ടെത്തിയ സ്ഥലം പഞ്ചായത്തിന്റെ ഉടമസ്ഥതയില്ലാത്തതിനാൽ പ്രോജക്റ്റ് ഉപേക്ഷിച്ചെന്നും നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കി. സ്ഥലലഭ്യത ഉറപ്പാക്കുന്നതിനു മുമ്പ് പ്രോജക്റ്റ് തയ്യാറാക്കി നിർവ്വഹണത്തിന് ഏൽപ്പിച്ചത് ആസൂത്രണത്തിലെ അപാകതയാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്

## 1-42 കോക്ലിയർ ഇംപ്ലാന്റേഷൻ - വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്.

| ഫണ്ടിനം | അടങ്കൽ | ചെലവ് | ബിൽ നമ്പരും തീയതിയും |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 100000 | 100000 | 121/30.11.22 - 100000 |

കോക്ലിയർ ഇംപ്ലാന്റേഷൻ കഴിഞ്ഞ കുട്ടികളുടെ ഉപകരണത്തിന്റെ തകരാർ പരിഹരിക്കുന്നതിനുള്ള ചെലവ് നൽകുന്നതിനായി ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായി പ്രോജക്റ്റ് നം 103/23 പ്രകാരം വികസനഫണ്ടിനത്തിൽ 100000 രൂപ കേരള സാമൂഹ്യ സുരക്ഷ മിഷൻ അക്കൗണ്ടിലേക്ക് (നം.701011400000134) നൽകിയിട്ടുണ്ട്. ഒരു കുട്ടിയ്ക്ക് 50000 രൂപ നിരക്കിൽ 2 കുട്ടികൾക്ക് ആനുകൂല്യം നൽകുന്നതിനായാണ് തുക കൈമാറിയത്. തുകയുടെ വിനിയോഗ വിവരം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (07/17.12.23) ഗുണഭോക്താവ് ആനുകൂല്യം

കൈപ്പറ്റിയതായി കത്ത് ലഭ്യമാക്കിയെങ്കിലും സാമൂഹ്യ സുരക്ഷാ മിഷനിൽ നിന്നുള്ള വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിനിയോഗവിവരം ലഭ്യമാകുന്നതുവരെ 100000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-43 കന്നുകുട്ടി പരിപാലന പദ്ധതി- അപാകതകൾ**

പ്രോജക്ട് നം. 95/23
അടങ്കൽ- 1700000 രൂപ ( വികസന ഫണ്ട്- 850000 + ഗുണഭോക്തൃ വിഹിതം- 850000 )
ചെലവ്- 850000 രൂപ, വികസന ഫണ്ട് (ബിൽ നം. 17/22-23/ 07.01.23)
നിർവ്വഹണോദ്യോഗസ്ഥൻ- വെറ്റിനറി സർജൻ.

കുറോപ്പട ഗ്രാമ പഞ്ചായത്തിന്റെ 2022-23 വാർഷിക പദ്ധതിയിൽ നടപ്പാക്കിയതാണ് മേൽ പദ്ധതി. പദ്ധതി നടത്തിപ്പിനായി 68 കിടാരികൾക്കുള്ള പഞ്ചായത്ത് വിഹിതം 850000 രൂപ വികസന ഫണ്ടിൽ നിന്നും പിൻവലിച്ച് കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം അസിസ്റ്റന്റ് ഡയറക്ടറുടെ പേരിൽ കോട്ടയം ജില്ലാ ട്രഷറിയിലുള്ള അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. പ്രോജക്ട് നടത്തിപ്പിൽ താഴെ ചേർക്കുന്ന അപാകത ശ്രദ്ധയിൽപ്പെട്ടു.

താഴെപ്പറയുന്ന 5 ഗുണഭോക്താക്കൾ പദ്ധതി പൂർത്തിയാകുന്നതിന് മുൻപ് പദ്ധതിയിൽ നിന്ന് പിൻമാറിയതായി കാണുന്നു.

| ക്രമ നം | ഗുണ ഭോക്താവ് | കാലി ത്തീറ്റ കൈപ്പറ്റിയ മാസങ്ങൾ | സബ്സിഡി ചെലവഴിച്ചത് | സബ്സിഡി അവശേഷിക്കുന്നത് | റിമാർക്ക് |
|---|---|---|---|---|---|
| 1 | അന്നമ്മ ഷിബു | 2/23, 3/23 | 1800 | 10700 | കിടാരി ചത്തു |
| 2 | ജോമോൻ ജോൺ | 2/23 മുതൽ 9/23 വരെ | 7200 | 5300 | കിടാരിയെ വിറ്റു |
| 3 | പ്രസന്നകുമാരി | 2/23 മുതൽ 9/23 വരെ | 7200 | 5300 | കിടാരിയെ വിറ്റു |
| 4 | ജോസഫ് എം. വി | 2/23 മുതൽ 8/23 വരെ | 6300 | 6200 | കിടാരി ചത്തു |
| 5 | റോയി പി ജോർജ് | 2/23 മുതൽ 6/23 വരെ | 4500 | 8000 | നീക്കം ചെയ്തു |
| | ആകെ | | 27000 | 35500 | |

ക്രമ നമ്പർ 1, 4 എന്നിവയിലെ ഗുണഭോക്താക്കളുടെ കിടാരി ചത്തുപോയതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ടി ഗുണഭോക്താക്കൾക്ക് ഇൻഷുറസിന്റെ ആനുകൂല്യം ലഭിക്കുന്നതിന് സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശങ്ങളും, മേൽ 5 ഗുണഭോക്താക്കൾക്ക് വേണ്ടി അനുവദിച്ച സബ്സിഡി തുകയിൽ വിനിയോഗിക്കാതെ അവശേഷിക്കുന്ന 35500 രൂപ അസിസ്റ്റന്റ് ഡയറക്ടറുടെ അക്കൗണ്ടിൽ നിന്നും തിരികെ ഈടാക്കി സർക്കാരിലേക്ക് ഒടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും ഓഡിറ്റിൽ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 12/17.12.23-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ കർഷകർക്ക് ഇൻഷുറൻസ് ആനുകൂല്യം ലഭ്യമാക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് എന്ന് അറിയിച്ചു. പദ്ധതി പൂർത്തിയാക്കിയതിന് ശേഷം ബാക്കി

നിൽക്കുന്ന തുക അസിസ്റ്റന്റ് ഡയറക്ടറുടെ അക്കൗണ്ടിൽ നിന്നും തിരികെ ഈടാക്കി സർക്കാരിലേക്ക് ഒടുക്കുന്നതാണെന്നും അറിയിച്ചു. പദ്ധതി പൂർത്തിയാക്കി വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ 850000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പദ്ധതി പൂർത്തിയാക്കിയതിന് ശേഷം ബാക്കി നിൽക്കുന്ന തുക അസിസ്റ്റന്റ് ഡയറക്ടറുടെ അക്കൗണ്ടിൽ നിന്നും തിരികെ ഈടാക്കി സർക്കാരിലേക്ക് ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

**1-44 ലൈഫ് ഭവന നിർമ്മാണം പൂർത്തിയാക്കാനുള്ളത്.**

കുരോപ്പട ഗ്രാമ പഞ്ചായത്തിന്റെ ലൈഫ് ഭവന പദ്ധതിയുടെ രജിസ്റ്റർ, ഫയൽ എന്നിവ പരിശോധിച്ചതിൽ മുൻവർഷങ്ങളിൽ കരാർ വെച്ച് ധനസഹായം കൈപ്പറ്റി വീട് പണി തുടങ്ങിയ താഴെപ്പറയുന്ന ഗുണഭോക്താക്കൾ അവരുടെ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ലാത്തതായി കണ്ടു.

എ) ജനറൽ വിഭാഗം

| ക്രമ നം. | ഗുണഭോക്താവ് | കൈപ്പറ്റിയ തുക | തീയതി | റിമാർക്ക് |
|---|---|---|---|---|
| 1 | കൃഷ്ണൻകുട്ടി, ഈരേച്ചിറയിൽ, അയ്മനം | 40000 | 2021-22 | വാർക്ക കഴിഞ്ഞു |
| | | 100000 | 2021-22 | |
| | | 100000 | 18.11.22 | |
| | ആകെ | 240000 | | |
| 2 | നെജിമോൻ ബഷീർ | 40000 | 2021-22 | വാർക്ക കഴിഞ്ഞു |
| | | 100000 | 18.11.22 | |
| | | 160000 | 03.01.23 | |
| | ആകെ | 300000 | | |
| 3 | രേണുക രാജു, കൊച്ചുപറമ്പിൽ, പുതുപ്പള്ളി | 40000 | 18.11.22 | തറ പണി പൂർത്തിയാക്കി |
| | | 100000 | 03.01.23 | |
| | ആകെ | 140000 | | |
| 4 | ചെല്ലപ്പൻ കെ. കെ, കളപ്പുരയിൽ, കാരാപ്പുഴ | 40000 | 25.06.22 | റൂഫ് ഷീറ്റ് ഇട്ടു. വാതിൽ ജനൽ പിടിപ്പിച്ചിട്ടില്ല. |
| | | 160000 | 24.08.22 | |
| | | 100000 | 18.11.22 | |
| | | 60000 | 03.01.23 | |
| | ആകെ | 360000 | | |

ബി) എസ്. സി വിഭാഗം

| ക്രമ നം. | ഗുണഭോക്താവ് | കൈപ്പറ്റിയ തുക | തീയതി | റിമാർക്ക് |
|---|---|---|---|---|
| 1 | അയ്യമ്മാൾ, പോലച്ചിറപുത്തൻപറമ്പിൽ | 200000 | 22.07.21 | തറ പണി പൂർത്തിയാക്കി |

| | | | | |
|---|---|---|---|---|
| | | 100000 | 29.09.21 | |
| | ആകെ | 300000 | | |
| 2 | അനീഷ് കെ രാഘവൻ, ചാക്കാറ, കുരോപ്പട | 200000 | 2021-22 | തറ പണി പൂർത്തിയാക്കി |
| | | 60000 | 18.01.22 | |
| | | 20000 | 03.01.23 | |
| | ആകെ | 280000 | | |
| 3 | സിജു സി മോഹൻ, ചൂരനാവയലിൽ | 100000 | 04.03.22 | തറ പണി പൂർത്തിയാക്കിയിട്ടില്ല |
| | | 40000 | 16.03.23 | |
| | ആകെ | 140000 | | |
| 4 | നീതു ടി ദേവ്, പുത്തൻപറമ്പിൽ, കോത്തല | 100000 | 25.03.22 | തറ പണി പൂർത്തിയാക്കി |
| | | 100000 | 23.08.22 | |
| | | 60000 | 18.11.22 | |
| | ആകെ | 260000 | | |

സി) എസ്. റ്റി വിഭാഗം

| ക്രമ നം. | ഗുണഭോക്താവ് | കൈപ്പറ്റിയ തുക | തീയതി | റിമാർക്ക് |
|---|---|---|---|---|
| 1 | ഉഷ മനോജ്, തോപ്പിൽ, ളാക്കാട്ടൂർ, | 55000 | 18.03.22 | വാർക്ക കഴിഞ്ഞു |
| | | 5000 | 18.03.22 | |
| | | 38000 | 21.05.22 | |
| | | 100000 | 28.09.22 | |
| | | 100000 | 03.01.23 | |
| | | 60000 | 25.06.22 | |
| | | 15000 | 03.11.23 | |
| | ആകെ | 373000 | | |

മേൽ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിന് തുടർ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കണമെന്ന് അവശ്യപ്പെട്ട് നൽകിയ 45/21.12.23-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. മേൽ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിന് തുടർ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പ്രോജക്ട് നിലവിലുള്ളപ്പോൾ തനത് ഫണ്ടിൽ നിന്നും കരാറുകാരന് തുക നൽകി

ടേക്ക് എ ബ്രേക്ക് പദ്ധതി നടപ്പിലാക്കുന്നതിനായി 2020-21 സാമ്പത്തിക വർഷം 2000000/- രൂപ അടങ്കലിൽ പ്രോജക്ട് തയ്യാറാക്കിയിരുന്നുവെങ്കിലും നടപ്പാക്കിയില്ല. ടി പ്രോജക്ട് 2022-23 സാമ്പത്തിക വർഷത്തിൽ 51/23 നമ്പരായി 2000000/- രൂപ അടങ്കലിൽ സ്പിൽ ഓവർ പ്രോജക്ടായി ഉൾപ്പെടുത്തി ആന്റണി ലിയോൺസ് എന്നയാളുമായി കരാറിൽ ഏർപ്പെട്ടിരുന്നു. ടി പ്രവൃത്തി നടപ്പാക്കുന്നതിന് മുന്നോടിയായി ജെ.സി.ബി. ഉപയോഗിച്ച് മണ്ണ് ലെവലിങ്ങ് ചെയ്തതിനും സൈറ്റിലുള്ള മരം മുറിച്ചതിനും ചെലവായ തുക 9500/- രൂപ തനത് ഫണ്ടിൽ നിന്നും കരാറുകാരനായ ആന്റണി ലിയോൺസിന് 329287/05.07.22 ചെക്ക് പ്രകാരം നൽകിയിട്ടുണ്ട്. നിലവിൽ ടേക്ക് എ ബ്രേക്കിന് പ്രോജക്ടുള്ളപ്പോൾ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരന് തനത് ഫണ്ടിൽ നിന്നും തുക അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.32/ 19.12.23) പദ്ധതി നടത്തിപ്പിന്റെ കാലതാമസം ഒഴിവാക്കുന്നതിനായാണ് പ്രസ്തുത പ്രവൃത്തിയ്ക്ക് തുക നൽകിയതെന്നാണ് മറുപടി ലഭ്യമാക്കിയത്. പ്രോജക്ട് ചെലവിൽ ഉൾപ്പെടുത്തേണ്ട തുക തനത് ഫണ്ടിൽ നിന്നും നൽകിയത് ക്രമപ്രകാരമല്ല. ടി ആവശ്യത്തിലേക്കായി വിനിയോഗിച്ച 9500/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം

2022-23 ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 14/12/2023, 15/12/2023 തീയതികളിൽ പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ ഓഡിറ്റ് സാക്ഷ്യപത്രം ഈ റിപ്പോർട്ടിന്റെ ഖണ്ഡിക 1-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇംഗ്ലീഷിലുള്ള ഓഡിറ്റ് സാക്ഷ്യപത്രം(Financial Audit Certificate 2022-23) അനുബന്ധം-1 ആയും ചേർത്തിട്ടുണ്ട്. സർക്കാർ/പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. ഓഡിറ്റ് ചെയ്ത 2022-23 വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31/03/2023-ലെ ബാലൻസ് ഷീറ്റ് എന്നിവയുടെ സംക്ഷിപ്തം ഈ റിപ്പോർട്ടിന്റെ അനുബന്ധങ്ങളായി ചേർത്തിരിക്കുന്നു.

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

2022-23 വർഷം സംയുക്ത പ്രോജക്ടിനായി കോട്ടയം ജില്ലാ പഞ്ചായത്തിൽ നിന്ന്1267451/- രൂപയും പാമ്പാടി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും പ്രോജക്ട് 4010982/- രൂപയും ലഭിച്ചിട്ടുണ്ട്. ജില്ല-ബ്ലോക്ക് വിഹിതങ്ങളുടെ ചെലവ് വിശദാംശം ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് പാമ്പാടി | 1322000 | 33/22-23, ലൈഫ് മിഷൻ ( SO) | 1322000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 80000 | 160/22-23, ലൈഫ് മിഷൻ | 80000 | 0 |

| | | | | |
|---|---|---|---|---|
| പാമ്പാടി | | | | |
| ബ്ലോക്ക് പഞ്ചായത്ത് പാമ്പാടി | 200000 | 36/22-23, ലൈഫ് ഭവന നിർമ്മാണ പദ്ധതി എസ് സി( SO) | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് പാമ്പാടി | 1510000 | 35/22-23, ലൈഫ് ഭവന നിർമ്മാണ പദ്ധതി എസ് സി | 1510000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് പാമ്പാടി | 60000 | 236/22-23,അതിദരിദ്രർക്ക് വീട് മെയിൻറനൻസ് | 60000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് പാമ്പാടി | 202100 | 101/22-23, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 202100 | 0 |
| ബ്ലോക്ക് പഞ്ചായത്ത് പാമ്പാടി | 186382 | 2/22-23, അങ്കണവാടി അനുപൂരക പോഷകഹാര വിതരണ പദ്ധതി | 186382 | 0 |
| ബ്ലോക്ക് പഞ്ചായത്ത് പാമ്പാടി | 150500 | 21/22-23,13 16 വാർഡുകളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ (ജനറൽ) | 150500 | 0 |
| ബ്ലോക്ക് പഞ്ചായത്ത് പാമ്പാടി | 300000 | 20/22-23,10 11 വാർഡുകളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ (എസ് സി) | 300000 | 0 |
| | **4010982** | | **4010982** | **0** |
| ജില്ലാ പഞ്ചായത്ത്, കോട്ടയം | 360000 | 30/22-23, ലൈഫ് പദ്ധതി എസ് സി | 360000 | 0 |
| ജില്ലാ പഞ്ചായത്ത്, കോട്ടയം | 280000 | 35/22-23, ലൈഫ് ഭവന നിർമ്മാണ പദ്ധതി എസ് സി | 280000 | 0 |
| ജില്ലാ പഞ്ചായത്ത്, കോട്ടയം | 368684 | 2/22-23, അങ്കണവാടി അനുപൂരക പോഷകഹാര വിതരണ പദ്ധതി | 368684 | 0 |
| ജില്ലാ പഞ്ചായത്ത്, കോട്ടയം | 175000 | 101/22-23, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 175000 | 0 |
| ജില്ലാ പഞ്ചായത്ത്, | 83767 | 106/22-23, ക്ഷീര കർഷകർക്ക് പാലിന് | 83767 | 0 |

| | | | | |
|---|---|---|---|---|
| കോട്ടയം | | സബ്സിഡി | | |
| | 1267451 | | 1267451 | 0 |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെഎസ്ഇബി | 130/22-23,വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | 324020/- | 0 | 324020/- |
| കെഎസ്ഇബി | 223/22-23,100% നികുതി പിരിവ് പൂർത്തീകരിച്ച 2 4 5 8 10 12 16 17വാർഡിലേക്ക് സ്ട്രീറ്റ് മെയിൻ വലിക്കുന്നതിന് | 24018/- | 0 | 24018/- |
| ഭൂജല വകുപ്പ്(GWD) | 224/22-23,പങ്ങട എൽ പി സ്കൂളിൽ കുഴൽ കിണർ | 56174/- | 0 | 56174/- |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് ഉദ്ദേശ്യം | ഉത്തരവ് നം., തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത വായ്പ തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.യു.ആർ. ഡി.എഫ്.സി. | ജി ഒ(എം.എസ്) 68/2018,18.05.2018, ജി ഒ(എം.എസ്) 100/2018, 30.07.2018 | 58,68,348 | 0 | 17,19,134 | 4149214 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

സ്ഥിരനിക്ഷേപം ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

2022-23 വാർഷിക ധനകാര്യ പത്രിക പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ 1295/- രൂപ വരവുണ്ട്. സാംഖ്യ കണക്ക് ശീർഷകം 180400301 ലെഡ്ജർ പ്രകാരമുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് | രസീത് നം./ തീയതി |
|---|---|---|---|---|
| 2010-11,2011-12 | 2-4 | 207/- | ഹരികുമാർ ബി | 1220103455/07.12.2022 |
| 2005-06 | 2-3 | 913/- | മനോജ് കെ വി | 1220103456/07.12.2022 |
| 2012-13 | 2-1(3) | 175/- | എസ് ബി ഐ,കുരോപ്പട | 1220103645/23.12.2022 |

പഞ്ചായത്തിൽ ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. സാമ്പത്തിക വർഷം തിരിച്ച് ഓഡിറ്റ് റിക്കവറി ഇനത്തിൽ ലഭിക്കുന്ന തുകകളുടെ വിവരം രജിസ്റ്റർ തയ്യാറാക്കി മേൽവിവരിച്ച പട്ടികയിലേതുപോലെ എല്ലാ വിശദാംശവും ഉൾപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശങ്ങൾ

സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം ഖണ്ഡിക നമ്പർ | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 2014-15 ,2-3,2-4 | 2016-17 അനുബന്ധം 3 | വസ്തു നികുതി പരിഷ്കരണ നടപടികൾക്ക് ആധികാരിക സ്ഥിരീകരണമില്ല | തീർപ്പാക്കിയിട്ടില്ല |
| 2014-15 2-5 | 2016-17 അനുബന്ധം 4, | തൊഴിൽ നികുതി | തീർപ്പാക്കിയിട്ടില്ല |
| 2014-15 2-4 | 2016-17 അനുബന്ധം 5 | തൊഴിൽ നികുതി | തീർപ്പാക്കിയിട്ടില്ല |
| | 2017-18 2-5-4 (ബി) | ഒരേ റോഡിൽ ഗ്രാമപഞ്ചായത്തും ബ്ലോക്ക് പഞ്ചായത്തും നിർമ്മാണ പ്രവൃത്തികൾ നിർവഹിച്ചു (പുളിമൂട് | തീർപ്പാക്കിയിട്ടില്ല |

| | | | |
|---|---|---|---|
| | | - നടീപീടിക റോഡ് ) | |
| 2019-20<br>1-23 | 2020-21<br>അനുബന്ധം 2 | കുടുംബാരോഗ്യ കേന്ദ്രത്തിലേക്കുള്ള 7982/- രൂപയുടെ മരുന്നുകൾ ലഭ്യമായില്ല | തീർപ്പാക്കിയിട്ടില്ല |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ ഈടാക്കിയ തുകയുടെ വിവരം.

തുകകളൊന്നും ഈടാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പടെ)<br>റസീപ്റ്റ് & പേയ്മെന്റ് പത്രിക | : | 59,951,019/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ്<br>റസീപ്റ്റ് & പേയ്മെന്റ് പത്രിക | : | 29,566,923/- |
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പടെ)<br>ഇൻകം & എക്സ്പെൻഡിച്ചർ പത്രിക | | 126,087,428 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ്<br>ഇൻകം & എക്സ്പെൻഡിച്ചർ പത്രിക | | 123,417,217 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 9500 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2859552 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 1-22<br>(3-1) | -- | 9500 | സോണിയ പി മാത്യൂ,സെക്രട്ടറി |
| ആകെ | -- | 9500 | |

**ഓഡിറ്റിൽ തടസ്സപെടുത്തിയ തുക**

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-25 | 85855 | സോണിയ പി മാത്യൂ,സെക്രട്ടറി |
| 1-27 | 89250 | സജി പി റ്റി,അസിസ്റ്റന്റ് സെക്രട്ടറി |
| 1-27 | 6372 | സോണിയ പി മാത്യൂ,സെക്രട്ടറി |
| 1-30 | 34160 | സോണിയ പി മാത്യൂ,സെക്രട്ടറി |

| | | |
|---|---|---|
| 1-31 | 450500 | സോണിയ പി മാത്യു,സെക്രട്ടറി |
| 1-33 | 100000 | ഡോ ജോർജ്ജീന സെബാസ്റ്റ്യൻ, മെഡിക്കൽ ഓഫീസർ എഫ് എച്ച് സി |
| 1-34 | 404212 | സോണിയ പി മാത്യു,സെക്രട്ടറി |
| 1-35 | 65816 | സോണിയ പി മാത്യു,സെക്രട്ടറി |
| 1-37 | 112387 | മോഹൻദാസ് ഒ. ജി.,അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-38 | 510000 | മോഹൻദാസ് ഒ. ജി.,അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-40 | 51000 | ധന്യ കെ ബി,അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-42 | 100000 | നിഷ.കെ.ബേബി,ഐ സി ഡി എസ് സൂപ്പർവൈസർ |
| 1-43 | 850000 | ഡോ.ജേക്കബ് പി ജോർജ്ജ്,വെറ്ററിനറി സർജൻ |
| **ആകെ** | 2859552 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സോണിയ പി മാത്യു, സെക്രട്ടറി | സെക്രട്ടറി, തലയാഴം ഗ്രാമപഞ്ചായത്ത് | മാങ്ങാക്കണ്ടത്തിൽ, വടവാതൂർ പി ഓ, കോട്ടയം |

**4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ 30/09/2022 തീയതി വരെ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1990-91 & 1991-92 | എൽ.എഫ്.കെ.പി3/85 /95/09.11.1995/ 29.07.1996 | - |
| 2001-02 | കെ.എസ്.എ.- | 1 |

| | | |
|---|---|---|
| | കെ.ടി.എം.പി13/അദാ 2022/1372(1)/2021/01.08.2022 | |
| 2003-04 | കെ.എസ്.എ.- കെ.ടി.എം.പി13/അദാ 2022/1372(3)/2021/01.08.2022 | 1 |
| 2005-06 | കെ.എസ്.എ.- കെ.ടി.എം.പി13/അദാ 2022/1372(5)/2021/01.08.2022 | 2 |
| 2006-07 | കെ.എസ്.എ.- കെ.ടി.എം.പി13/അദാ 2022/611(3)/2022/01.08.2022 | 2 |
| 2007-08 | കെ.എസ്.എ.- കെ.ടി.എം.പി13/അദാ 2022/611(4)/2022/01.08.2022 | 3 |
| 2008-09 | കെ.എസ്.എ.- കെ.ടി.എം.പി13/അദാ 2022/611(5)/2022/01.08.2022 | 2 |
| 2009-10 | കെ.എസ്.എ.- കെ.ടി.എം.പി13/അദാ 2022/611(6)/2022/01.08.2022 | 3 |
| 2010-11 & 2011-12 | കെ.എസ്.എ.- കെ.ടി.എം.പി13/അദാ 2022/611(7)/2022/01.08.2022 | 12 |
| 2012-13 | കെ.എസ്.എ.- കെ.ടി.എം.പി13/അദാ 2022/611(8)/2022/01.08.2022 | 9 |
| 2013-14 | കെ.എസ്.എ.- കെ.ടി.എം.പി13/അദാ 2022/611(9)/2022/01.08.2022 | 11 |
| 2014-15 | കെ.എസ്.എ.- കെ.ടി.എം.പി13/അദാ 2022/611(10)/2022/01.08.2022 | 10 |
| 2015-16 | കെ.എസ്.എ.- കെ.ടി.എം.പി13/അദാ 2022/611(11)/2022/01.08.2022 | 8 |
| 2016-17 | കെ.എസ്.എ.- കെ.ടി.എം.പി13/827(1)/2022/ 16.08.2022 | 13 |
| 2017-18 | കെ.എസ്.എ.-കെ.ടി.എം.പി13/ 827(2)/2022/ 16.08.2022 | 9 |

| | | |
|---|---|---|
| 2018-19 | കെ.എസ്.എ.-കെ.ടി.എം.പി13/ 827(3)/2022/ 16.08.2022 | 18 |
| 2019-20 | കെ.എസ്.എ.-കെ.ടി.എം.പി13/ 1047/2021/ 20.07.2022 | 14 |
| 2020-21 | കെ.എസ്.എ.-കെ.ടി.എം.പി13/ 1048/2021/ 04.01.2022 | 21 |
| 2021-22 | കെ.എസ്.എ.-കെ.ടി.എം.പി13/ 186/2022/ 15.05.2023 | 23 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പെടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**

**ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം**

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1/1 dated 13-07-2023 and submitted on 15-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Kooroppada Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Kooroppada Grama Panchayat for the year 2022-2023

**Date: 26/12/2023**

**Deputy Director**
**District Office Kottayam**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Kooroppada Grama Panchayat for the Year 2022-2023 .

**1.Major Observations**

1.General Fund Details not maintained. Opening Balance Receipt Payment(OBRP) data of asset and liability as on 01/04/2011 not available. Source Data not available for the value of total general fund as on 31/03/2023.

2.Non Disclosure of Capital Contribution-Captal contribution opening balance details, fundwise capital contriobution of curent year are not available.

3.Non Disclosure of Assets-Assets not classified and valuated and accounted-Asset Register has not updated upto 31/03/2023.

4.Assets Generated during current year-detailed project wise and fundwise data not provided.

**2.Other Observations**

1.Capital Work in Progress accounting and adjustment details and data not provided.
2.Receipts From Sale Of Empties accounted wrongly as Receipts From Sale Of Other Products.
3.Government and other dues register not maintained.
4.Prior Period expenditure/Income details are not provided as notes on account by the Secretary.
5.Honararium for the month of March-2023 of Elected Representatives are not accounted in payable head of account during 2022-23.
6.Details of advances accounted as per advance register are inaccurate.
7.Accrual accounting of contingent expenditures for the year done in a single liability account head even though proper accounting heads are available.
8.Professon Tax(Institution, Professionals, Traders) demand value has not calculated and fixed by secretary in demand register. Professon Tax demand entry figures in AFS has no source document and authority.
9.Closing balance of Distress relief fund as per AFS differs from bank account concerned.
10.Deposit register transcations differs from AFS.

**Deputy Director**
**District Audit Office, Kottayam**
**Kerala State Audit Department**

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ കുറോപ്പട ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്